# നമ്മുടെ കർത്താവിൻെറ ജനനപ്പെരുന്നാളിലെ

# പ്രാർത്ഥനക്രമം

# സന്ധ്യാപ്രാർത്ഥന

**പട്ടക്കാരൻ:-** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**ജനം:-** ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

*പ്രാരംഭപ്രാർത്ഥന*

ദൈവമായ കർത്താവേ! പരിശുദ്ധന്മാരായ ശ്രോപ്പേന്മാരോടുകൂടെ പരിശോധന കൂടാതെ നിന്നെ സ്തുതിപ്പാനും, അനുഗൃഹീതരായ ക്രൂബേന്മാരോടു കൂടെ സംശയ രഹിതമായി നിന്നെ വാഴ്ത്തുവാനും, ഉന്നതന്മാരായ മോറാവോസെന്മാരോടുകൂടെ തടസ്സമില്ലാതെ നിന്നെ പുകഴ്ത്തുവാനും, മേലുള്ളവരോടൊന്നിച്ച് അന്യൂനമായി നിനക്ക് പെരുന്നാളാഘോഷിക്കുവാനും, പരമാർത്ഥികളായ ആട്ടിടയന്മാരോടു കൂടെ മടികൂടാതെ നിനക്കു കാഹളശബ്ദം മുഴക്കുവാനും, വിവേകികളായ മ്ഗൂശെന്മാ രോടൊപ്പം വ്യത്യാസം കൂടാതെ നിന്നെ വന്ദിപ്പാനും നിന്നെ പ്രസവിച്ച മറിയാമിനോടു കൂടെ അവസാനമില്ലാതെ നിന്നിൽ സന്തോഷിക്കുവാനും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങളെ യോഗ്യരാക്കണമേ.

ഹോശോ.................

## 51-ാം സങ്കീർത്തനം

ദൈവമേ! നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കയും ചെയ്‌വാനായിട്ടുതന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെൺമയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽനിന്ന് നിന്റെ മുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചുകളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള നിൻെറ ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമേ. നിൻെറ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. നിൻെറ വിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയും അരുതേ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചുതരണമേ. മഹത്ത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ! എൻെറ അധരങ്ങൾ എനിക്ക് തുറക്കണമേ. എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിൻെറ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

(എനി യോനൊ-ഏമൊദ്കീസൊ)

കന്യകയാം-മാതാവിൻവൃതമുദ്ര-യ്ക്കൂനമതെന്യേ
ജാതാം ചെയ്തോ-നേ! ദേവാ!-ദയചെയ്യീടണമേ.

കാഴ്ചകളാ-ൽ ജ്ഞാനികൾ മാനിച്ചോ-നേ!
ആട്ടിടയൻമാർ-നതിയർപ്പിച്ചോ-നേ! ദേവാ.....

ഞങ്ങൾക്കാ-യ് കൃപയാൽ ശിശുവായോ-നേ!
ബേത്‌ലഹേ-മിൽ പിച്ച നടന്നോ-നേ! ദേവാ......

കൃപയാൽ ജാതാ!- ഗുഹയിലമർന്നോ-നേ!
പാഴ്ത്തുണിയാ-ലേ പൊതിയപ്പെട്ടോനേ! ദേവാ.......

ശാശ്വതനാം-ജനകനിൽനിന്നു ജനി-ച്ചു
കാലത്തി-കവിൽ ദാവീദ്യയിൽ ജാ താ! ദേവാ......

നിജമാകും-മാന്യതയെ വന്ദി-പ്പാൻ
വിദ്വാൻമാ-രെ ആകർഷിച്ചോ-നേ! ദേവാ.........

വാഴ്വുടയോ-ൻ! മാനവ വാനോരേ-ത്തൻ
ജനനദിന-ത്തിൻ സന്തോഷിപ്പി-ച്ചോൻ ദേവാ........

ബാറെക്മോർ-ശുബഹൊ-മെനഓലം......

സ്തുതിയൊടു കൂ-പ്പുക നരരേ ജനനാൽ ബിം-
ബാർച്ചനയീ-ന്നും വീണ്ടൊരു സുതനെ-നാം, ദേവാ.....

കുറിയേ..........

## *140, 141, 118, 116 സങ്കീർത്തനങ്ങൾ*

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ, എന്നോടു ത്തരമരുളിച്ചെയ്യണമേ എന്റെ വചനങ്ങളെ സൂക്ഷിച്ചുകേട്ട് കൈക്കൊള്ളുകയും ചെയ്യണമേ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപംപോലെയും എന്റെ കൈകളിൽനിന്നുള്ള കാഴ്ച സന്ധ്യയുടെ വഴി പാടുപോലെയും ഇരിക്കുമാറാകണമേ.

എന്റെ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കു കാവൽക്കാരനെയും എന്റെ അധരങ്ങൾക്കു കാവൽക്കാരനെയും നിയമിക്കണമേ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയിൻ മുനയാൽ തടുക്കപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേക്കുയർത്തി, നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികളെ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നുപോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴട്ടെ.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കത്തെ ഞാൻ അറിയിക്കുകയും ചെയ്തു. നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലോ.

എൻെറ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികളെ മറച്ചുവച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവനില്ലെന്നു ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി. എൻെറ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിൻെറ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എൻെറ ആശ്രയവും എൻെറ ഓഹരിയും നീയാകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏററവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എൻെറ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമേ. എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരായതുകൊണ്ട് അവരിൽനിന്ന് എന്നെ വിടുവിക്കണമേ. ഞാൻ നിൻെറ നാമത്തെ സ്തോത്രം ചെയ്വാനായിട്ട് എൻെറ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കണമേ. നീ എന്നോടുത്തരമരുളി ചെയ്യുമ്പോൾ നിൻെറ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻെറ വചനം എൻെറ കാലുകൾക്ക് വിളക്കും എൻെറ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിൻെറ നീതിയുള്ള വിധികളെ ആചരിപ്പാനായിട്ട് ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻ ഏററവും ക്ഷീണിച്ചു. കർത്താവേ! നിൻെറ വചന പ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ! എൻെറ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമേ. നിൻെറ ന്യായങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കണമേ.

എൻെറ ദേഹി എല്ലായ്പ്പോഴും നിൻെറ കൈകളിൽ ഇരിക്കുന്നു. നിൻെറ വേദപ്രമാണത്തെ ഞാൻ മറന്നില്ല. പാപികൾ എനിക്കായിട്ട് കെണികളെ വച്ചു. എന്നാലും ഞാൻ നിൻെറ കല്പനകളിൽ

നിന്ന് മാറിപ്പോയില്ല. ഞാൻ നിൻെറ സാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എൻെറ ഹൃദയത്തിന് ആനന്ദമാകുന്നു. നിൻെറ കല്പനകളെ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എൻെറ ഹൃദയത്തെ തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

(മ്ശീഹൊ ഏസീലേദ്)

മശിഹാ ജാതം ചെയ്താ ബേതലഹേമിൽ-
പ്രാചിയിൽ നിന്നെത്തി-ജ്ഞാനികളവനേ മാനിപ്പാൻ
രാജാവായ് ജാതം-ചെയ്തോനെങ്ങാവോ-
ഏകട്ടഭിവാദ്യം — വന്നുവണങ്ങിൻ സാ-ഷ്ടാം-ഗം.

ജാതംചെയ്ത നൃപൻ —ബേതലഹേമിലിതാ—
ഭാസുരമാം താരം— സൂരികളെയറിയി — ച്ചേ-വം
പൈതലിവൻതന്നെ-കതിരുമിവൻതന്നെ-
നാഥനിവൻതന്നെ — സർവ്വേശൻ ദൈവം-ത-ന്നെ.

ബേതലഹോം ഗുഹയിൽ-ചെന്നഥ ദർശിച്ചു-
പൈതലിനോടൊപ്പം-മാതാവാം മറിയാം ത-ന്നെ
അവതാരം ചെയ്തോ-രഖിലേശൻ പേർക്കായ്-
കാദീശ് കാദീശെ-ന്നാർക്കും ദൂതൻമാ—രെ-യും.

കീറത്തുണിചുററി-പാറപ്പൊത്തിലിതാ-
പാൽനുകരുന്നയ്യോ-ലോകമഹോന്നത ദേ-വേ—ശൻ
തലമുറകളിൽ മുമ്പൻ-ശിശുപോൽ കരയുന്നു
ഭൂതലജാതികളേ! വന്നു വണങ്ങിൻ സാ-ഷ്ടാം-ഗം-

എത്ര മനോഹരമാ-ബേതലഹേം ഗുഹയിൽ-
ഈറയരും നരരും— പാടിയ മോഹന സം-ഗീ-തം.
വിസ്മിതയായ് മറിയാം-ഭ്രമമാർന്നു യൌസേഫ്-
കീർത്തിതനായ് പുത്രൻ-വന്നുവണങ്ങിൻ സാ-ഷ്ടാം-ഗം.

ഇന്നാൾ ദൈവത്തിൻ-നന്ദന ജനനദിനേ—
വാനവ ദൂതഗണം-വിസ്മയകരഗീതം-പാ-ടി.
സ്തുതിദേവനു വാനിൽ-ക്ഷിതിതന്നിൽ ശാന്തി-
മാനവനുത്തമമാം-ശരണവുമെന്നുൽഘോഷി-ച്ചു.

ബാറെക്മോർ-ശുബഹൊ-മെനഓലം...

ഗുഹയിൽ ജനിച്ചോനാം-സുതനായ് സ്തുതിപാടി-
മാലാഖാമാരോ-ടാട്ടിടയരുമീറേ-ൻമാ-രും.
തിരുവവതാരത്താൽ-വിടുതൽ നൽകുകയാൽ-
ആഘോഷാർഹതയോ-ടവനെ സ്തുതിയാൽ വ-ന്ദി-ക്കാം.

സ്തൗമെൻകാലോസ്..............

## പ്രുമിയോൻ

സ്വകീയമായ നിത്യതയുടെ മഹാവിശുദ്ധസ്ഥാനത്ത് സ്വപിതാവിനോടും വിശുദ്ധ റൂഹായോടും കൂടെ കാദീശ് പാടി സ്തുതിക്കപ്പെടുന്ന വിശുദ്ധനും, നീതിപൂർവ്വം കന്യകയുടെ നിർമ്മലമായ ഗർഭപാത്രത്തെ തനിക്കുവേണ്ടി ശുദ്ധീകരിച്ച് അതിൽ ഇറങ്ങിവസിച്ച്, ഹീനാവസ്ഥയിൽ യീഹൂദിലെ ബേതലഹേമിൽ വച്ച് അവളിൽ നിന്ന് ജാതനായവനും, പഴന്തുണികളാൽ ആവരണം ചെയ്യപ്പെട്ട് കരുണാപുരസ്സരം, ഒരു ദരിദ്രനെപ്പോലെ ആ ചെറിയ ഗുഹയിൽ മൃഗങ്ങളുടെ പുൽത്തൊട്ടിയിൽ കിടന്ന സമ്പന്നനും ഒരു ശിശുവിനെപ്പോലെ മനുഷ്യ പുത്രിയുടെ മാർവിൽനിന്ന് പാൽ കുടിച്ചാനന്ദിച്ചവനായ

തിരുവിഷ്ടത്തിൻെറ ആംഗ്യത്താൽ ലോകങ്ങളെ സംരക്ഷിക്കുന്നവനും, തന്നെ വന്ദിക്കുവാനായി മ്ഗൂശെൻമാരെ അവരുടെ ദേശത്തുനിന്ന് നക്ഷത്രം മുഖാന്തിരം ആകർഷിക്കുകയും അവർ സമ്മാനങ്ങളും കാഴ്ചകളുംകൊണ്ട് തൻെറ ജന്മദിനത്തെ ബഹുമാനിക്കുകയും ചെയ്ത അദൃശ്യനും ശ്രേഷ്ഠനും ആയവനു സ്തുതി. തനിക്ക് ഈ സന്ധ്യാ പ്രാർത്ഥനാസമയത്തും......

*പ്രാർത്ഥന*

പാപപരിഹാരം നൽകുന്നവനും വെടിപ്പാക്കുന്നവനും ഞങ്ങളുടെ അകൃത്യങ്ങളെ ക്ഷമിക്കുകയും തുടച്ചു നീക്കുകയും അവയെ ഓർക്കാതിരിക്കുകയും ചെയ്യുന്നവനുമായ ദൈവമായ കർത്താവേ! സ്നേഹപൂർവ്വമായ നിൻെറ കാരുണ്യത്താൽ അസംഖ്യങ്ങളായ എൻെറ മഹാപാപങ്ങളെയും വിശ്വാസികളായ നിൻെറ സകല ജനങ്ങളുടെ പാപങ്ങളെയും മായിച്ചു കളയണമേ. ഉത്തമനേ! ദയതോന്നി ഞങ്ങളിൽ കരുണ ചെയ്യണമേ. ദൈവമായ കർത്താവേ! നിൻെറ കരുണയാൽ ഞങ്ങളെ ഓർത്തുകൊള്ളണമേ. എൻെറ കർത്താവേ! നിൻെറ മഹാകരുണയാൽ തന്നെ ഞങ്ങളുടെ മാതാപിതാക്കളുടെയും സഹോദരീ സഹോദരങ്ങളുടെയും നേതാക്കളുടെയും ഗുരുക്കന്മാരുടെയും മരിച്ചുപോയവരുടെയും മഹത്ത്വമുള്ള നിൻെറ വിശുദ്ധസഭയുടെ പ്രജകളായ സകല മരിച്ചുപോയവരുടെയും ആത്മാക്കളെ നീ ഓർക്കണമേ. ദൈവമായ കർത്താവേ! അവരുടെ ആത്മാക്കൾക്കും ദേഹികൾക്കും ശരീരങ്ങൾക്കും ആശ്വാസം നൽകണമേ. അവരുടെ അസ്ഥികളിൽ കരുണയും കൃപയുമാകുന്ന പനി

മഞ്ഞ് തളിക്കണമേ. കർത്താധികർത്താവും മഹത്ത്വത്തിൻെറ നാഥനുമായ മിശിഹാരാജാവേ! ഞങ്ങൾക്കും അവർക്കും നീ വിമോചകനും വിമോചനവും ആയിരിക്കണമേ. കർത്താവേ! ഞങ്ങൾക്കുത്തരമരുളണമേ, ഞങ്ങളുടെ തുണയ്ക്കായി എഴുന്നള്ളണമേ. ഞങ്ങളെ സഹായിപ്പാൻ വന്നുചേരണമേ. ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളുകയും ചെയ്യണമേ. ദൈവമേ! സകല കഠിനശിക്ഷകളും ദയാപൂർവ്വം ഞങ്ങളിൽ നിന്ന് നീക്കി മായിച്ചുകളയണമേ. കർത്താവേ! കോപവടികളെ ഞങ്ങളിൽനിന്ന് കരുണാപൂർവ്വം തടുത്ത് മാററിക്കളയണമേ. സമാധാനപരന്മാരായ ആളുകൾക്കുള്ള ഉത്തമമായ അവസാനത്തിനു ഞങ്ങളെ അർഹരാക്കിത്തീർക്കണമേ. നിനക്ക് ഇഷ്ടമുള്ളതും അനുയോജ്യവും നിൻെറ ദൈവത്വത്തിന് പ്രീതികരവുമായ ക്രിസ്തീയ അന്ത്യം ഞങ്ങൾക്ക് നൽകണമേ. നല്ല അവസാനത്തിന് ഞങ്ങളെല്ലാവരെയും അർഹരാക്കിത്തീർക്കണമേ. ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേക്കും നിനക്ക് സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ.........

## *സെദറാ*

സാരാംശങ്ങളുടെ എണ്ണത്താൽ വേർതിരിക്കപ്പെടുവാൻ പാടില്ലാത്ത മൂന്നു വിശുദ്ധ ക്നൂമാകളായി, എണ്ണത്തിനധീനമല്ലാത്ത ഏക സാരാംശമായി തൻെറ പിതാവിനോടും പരിശുദ്ധ റൂഹായോടും ഒരുമിച്ച് സ്ഥിതിചെയ്യുകൊണ്ട് കന്യകയുടെ വിശുദ്ധമായ മടിയിൽനിന്നുദയം ചെയ്യുവനും സ്വയം ഭൂവും പിതാവിൻെറ ഏകജാതനും ആയ ശിശുവേ!

നിനക്കു സ്തുതി. ഇന്നുദയംചെയ്ത ശ്രേഷ്ഠശിശുവായ നിന്നെ പുണ്യവാന്മാർ തങ്ങളുടെ ദൃഷ്ടാന്തങ്ങൾ മുഖാന്തിരം മുൻകൂട്ടി സൂചിപ്പിച്ചു; നീതിമാന്മാർ ഉപമകളാൽ നിന്നെക്കുറിച്ചുൽഘോഷിച്ചു. സകല ദീർഘദർശിമാരും തങ്ങളുടെ വെളിപാടുകൾ വഴി നിന്റെ അദൃശ്യതയെക്കുറിച്ച് അറിയിച്ചു. അറിയിപ്പുകാരെല്ലാവരും തങ്ങളുടെ ശബ്ദങ്ങളാൽ നിന്റെ നിത്യതയെ വെളിപ്പെടുത്തി. വിശുദ്ധ കന്യകയിൽനിന്നുള്ള നിന്റെ മാനുഷീകജനനത്തെ അവർ ആത്മീയനയനങ്ങളാൽ മുൻകൂട്ടി കാണുകയും ചെയ്തു. അദൃശ്യശിശുവായ നിന്നെ മുട്ടാടിനെ വഹിച്ച വൃക്ഷം മുഖാന്തിരം വംശത്തലവനായ അബ്രഹാം മുൻകൂട്ടി ദൃഷ്ടാന്തപ്പെടുത്തി. ഇന്നു ഞങ്ങൾക്കായി ഉദിച്ച വിസ്മയനീയ ശിശുവായ നിന്നെ അവന്റെ ജൻമദിനം കാണുവാൻ വിജാതീയർ പ്രതീക്ഷിക്കും എന്നു പറഞ്ഞു കൊണ്ട് പിതാക്കൻമാരുടെ തലവനായ യാക്കോബ് മുൻകൂട്ടി സൂചിപ്പിച്ചു. "എന്റെ രക്ഷകൻ ജീവനുള്ളവനാകുന്നു എന്നെനിക്കറിയാം, അവസാനം ഭൂമിയിൽ അവൻ പ്രത്യക്ഷനാകും" എന്നു പറഞ്ഞുകൊണ്ട് നീതിമാനും പുണ്യവാനുമായ ഈയോബ് ഈ അത്ഭുത ശിശുവിനെക്കുറിച്ച് മുൻകൂട്ടി അറിയിച്ചു. വിശുദ്ധ കന്യകയുടെ ഗർഭത്തിൽ വസിച്ചിട്ടും അതിനു ന്യൂനത സംഭവിക്കാതിരുന്ന ദിവ്യാഗ്നിയാകുന്ന ഈ മഹനീയ ശിശുവിനെ മുൾപ്പടർപ്പിൽ വസിച്ച് ജ്വലിച്ചിട്ടും അതു ദഹിച്ചുപോകാതിരുന്ന ആ അഗ്നിയിൽ മോശ ദർശിച്ചു. വിശുദ്ധ കന്യകയിൽനിന്നുദയം ചെയ്തവനും അലംഘ്യമായ അധികാരമുള്ളവനും അനശ്വരമായ രാജത്വമുള്ളവനുമായ ഈ പരിശുദ്ധ

ശിശുവിനെക്കുറിച്ച് ആമൂസിൻെറ പുത്രൻ മുൻകൂട്ടി വെളിപ്പെടുത്തി. ഹസ്ക്കീയേൽ ദീർഘദർശി ഈ അദൃശ്യശിശുവിനെ നാലു മുഖങ്ങളുള്ള രഥത്തിന്മേൽ മുൻകൂട്ടി ദർശിച്ചിട്ട് ജഢീകമായി ഇവൻ ലോകത്തിനു പ്രത്യക്ഷനാകുമെന്ന് അവനെക്കുറിച്ച് പ്രസംഗിച്ചു. ഏശായാ ദീർഘദർശി ഈ വിശുദ്ധ ശിശുവിനെ ദർശിച്ചിട്ട്, ഇതാ കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ദൈവവും മനുഷ്യനുമാകയാൽ അത്ഭുതമെന്ന് വിളിക്കപ്പെടുകയും ചെയ്യും എന്ന് അട്ടഹസിച്ചു. വിശുദ്ധ കന്യകയാകുന്ന രോമക്കെട്ടിൻമേൽ മഴപോലെ അവൻ ഇറങ്ങുമെന്നും മാത്രമല്ല, നീ എൻെറ പുത്രനാകുന്നു ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്നും പറഞ്ഞുകൊണ്ട് ദാവീദ് ഈ വിസ്മയനീയ ശിശുവിനെക്കുറിച്ച് പാടി. കർത്താവ് ദാവീദിന് ഒരു കിരണത്തെ എഴുന്നേൽപ്പിക്കും എന്നു പറഞ്ഞുകൊണ്ട് ഈ ഓമനശിശുവിനെക്കുറിച്ച് ഏറമിയാ വെളിപ്പെടുത്തി. ഈ കൃപാലുവായ ശിശുവിനെ ദാനിയേൽ ദർശിച്ചിട്ട് കൈകൾ കൂടാതെ വെട്ടപ്പെട്ട ശില എന്നു വിളിച്ചു. ദൈവകൃപ നിറഞ്ഞവളേ! നിനക്കു സമാധാനം, ഞങ്ങളുടെ കർത്താവ് നിന്നോടുകൂടെയുണ്ട്, സ്ത്രീകളിൽ നീ അനുഗൃഹീതയാകുന്നു, സകല സൃഷ്ടികളുടെയും രക്ഷിതാവ് നിന്നിൽനിന്നുദിക്കും എന്ന് പറഞ്ഞുകൊണ്ട് ഈ സത്യശിശുവിനെക്കുറിച്ച് മാലാഖമാരുടെ തലവനായ ഗബ്രിയേൽ ദാവീദുപുത്രിയായ കന്യകയോട് അറിയിച്ചു. പരാക്രമിയായ ഈ ശിശുവിനെ ബേത്ലഹേമിൽ വച്ച് ഈറേൻമാർ ആത്മീയകീർത്തനങ്ങളാൽ സ്തുതിക്കുകയും, ദാവീദിൻെറ പട്ടണത്തിൽ മിശിഹാകർത്താവെന്ന രക്ഷകൻ ജാതനായിരിക്കുന്നതിനാൽ മഹോന്നത

ങ്ങളിൽ ദൈവത്തിന് സ്തുതി, താഴെ അഗാധങ്ങളിൽ സമാധാനമെന്ന് നവീന ശബ്ദങ്ങളിൽ കാഹളധ്വനിയോടുകൂടി അവർ അട്ടഹസിക്കുകയും ചെയ്തു. ഈ അത്ഭുതശിശുവിനെ ഇടയന്മാർ കണ്ടിട്ട് സ്തുതിച്ച്സ്തോത്രം ചെയ്യുകയും കാഴ്ചകളർപ്പിച്ച് വന്ദിക്കുകയും ചെയ്തു. രക്ഷാകരമായ ഈ ശിശുവിനെക്കുറിച്ച് സകല ഭാഗങ്ങളിലും അതിർത്തികളിലും നക്ഷത്രം ഉൽഘോഷിച്ചിട്ട് അവനെ വന്ദിക്കുവാനായി മ്ഗൂശെൻമാരെ ആകർഷിക്കുകയും അവർ നിക്ഷേപപാത്രങ്ങൾ തുറന്ന് തങ്ങളുടെ ദേശങ്ങളിലെ ഉത്തമദ്രവ്യങ്ങൾ അവനു കാഴ്ചയായി സമർപ്പിക്കുകയും ചെയ്തു. അവർ കൊണ്ടുവന്നു സമർപ്പിച്ച സ്വർണ്ണം, മൂര്, കുന്തുരുക്കം എന്നിവയാൽ അവന്റെ ദൈവത്വത്തേയും രാജത്വത്തേയും മനുഷ്യത്വത്തേയും സൂചിപ്പിച്ചുകൊണ്ട് ആ കാഴ്ചകൾ അംഗീകരിക്കുവാൻ അവനോടപേക്ഷിക്കുകയും ചെയ്തു. “എന്നെ വിട്ടയയ്ക്കണമെ, ഇനി ഞാൻ പോയി വിശ്രമിച്ചുകൊള്ളട്ടെ, നിന്റെ മഹാകരുണയെ എന്റെ കണ്ണുകൾ ദർശിച്ചുവല്ലോ” എന്ന് പറഞ്ഞുകൊണ്ട് വൃദ്ധനായ ശെമവൂൻ ഈ താൽക്കാലിക ജീവിതത്തിൽനിന്ന് തന്നെ പിരിച്ചയയ്ക്കുവാൻ ഈ ദൈവീകശിശുവിനോട് അപേക്ഷിച്ചു. ന്യായപ്രമാണത്തിൽ സൂചിപ്പിക്കുകയും ദീർഘദർശിമാർ അറിയിക്കുകയും ചെയ്തിരുന്നവയെല്ലാം ഇന്ന് സംഭവിച്ചു. മുൾപ്പടർപ്പിൽ ജ്വലിച്ചിരുന്നവൻ ഇന്ന് കന്യകയിൽനിന്നുദിച്ചു. രോമക്കെട്ടിൻമേൽ മഞ്ഞുതുള്ളിമൂലം തന്റെ രഹസ്യത്തെ സൂചിപ്പിച്ചവൻ ഇന്ന് ഉദയംചെയ്തു. ദക്ഷിണദേശത്തുനിന്ന് വരുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നവൻ ഇന്ന് പ്രത്യക്ഷനായി. വലതുവശത്തിരിക്കുന്ന പുത്രൻ എന്ന് ദാവീദിനാൽ

വിളിക്കപ്പെട്ടവൻ ഇന്ന് ജനിച്ചു. ഇന്ന് ആശ്വാസ വൃഷ്ടി ചൊരിയുകയും ഗുഹയിൽ പുല്ലുകിളിർക്കുകയും ചെയ്തു. ഇന്നു വടി പ്രത്യക്ഷപ്പെടുകയും ഈശായിയുടെ കുററിയിൽനിന്ന് മുളയുണ്ടാവുകയും ചെയ്തു. ഇന്ന് നമുക്കായി ഒരു ശിശു ജാതനായിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ലോകൈകവീരനെ ഇന്ന് കന്യക പ്രസവിക്കുകയും അവൻെറ നാമം അത്ഭുതമെന്ന് വിളി ക്കപ്പെടുകയും ചെയ്തു. ഇന്നു ദൈവം ഭൂമിയിൽ ഉദയം ചെയ്ത് ലോകത്തെ അതിൻെറ അതിർത്തിയോളം പ്രകാശിപ്പിച്ചു. ഇന്ന് യീഹുദിലെ ബേതലഹേമിൽനിന്ന് ജീവൻെറ അപ്പം ആവിർഭവിച്ചു. ഇന്ന് വാതിലും അതിൽകൂടി പ്രവേശിക്കുന്ന കർത്താവും പ്രത്യക്ഷപ്പെട്ടു. ഇന്ന് ദൃഷ്ടാന്തങ്ങൾ നിറവേറി, സ്വർഗ്ഗീയ ബോധങ്ങൾക്ക് സ്പർശിച്ചുകൂടാത്തവനെ കൈകൾ സ്പർശിച്ചു. യാതൊരു മാലാഖയുടെയും ഇന്ദ്രിയങ്ങൾ കണ്ടിട്ടില്ലാത്തവനെ ഇന്നു കൈവിരലുകൾ ഗ്രഹിച്ചു. ക്രൂബേൻമാരാൽ വഹിക്കപ്പെടുന്നവൻ ഇന്നു കാൽമുട്ടുകളിൽ വഹിക്കപ്പെടുകയും ചെയ്തു. ആകയാൽ ഉദരത്തിൽനിന്ന് യോഹന്നാൻ എന്നപോലെ ഞങ്ങൾ നിന്നെ വന്ദിക്കുന്നു. പെട്ടകത്തിൻെറ മുമ്പിൽ ദാവീദ് എന്നപോലെ ഞങ്ങൾ ആഘോഷിക്കുകയും ചെയ്യുന്നു. ജഡപ്രകാരമുള്ള നിൻെറ മഹനീയ ജന്മദിനമാഘോഷിക്കുവാൻ അർഹരായി ഭവിച്ചിരിക്കുന്ന ബലഹീനരും പാപികളുമായ ഞങ്ങൾ അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു: നീതിമാന്മാരോടു കൂടെ നിന്നെ സ്തുതിപ്പാനും പുണ്യവാന്മാരോടുകൂടെ നിന്നെ

പുകഴ്ത്തുവാനും ദീർഘദർശിമാരോടുകൂടെ സ്തോത്രം ചെയ്വാനും ശ്ലീഹന്മാരോടുകൂടെ നിന്നിൽ ആനന്ദിക്കുവാനും ആത്മീയരായ സ്വർഗ്ഗീയ ഗണങ്ങളോടുകൂടെ നിനക്ക് കാഹളമൂതുവാനും ഞങ്ങളെ യോഗ്യരാക്കണമേ. നിൻെറ രണ്ടാമത്തെ പ്രത്യക്ഷതയുടെ ദിവസത്തിൽ സകല പാപങ്ങളുടെയും പരിഹാരത്തിനും സകല നിയമലംഘനങ്ങളുടെയും മോചനത്തിനും സകല മാലിന്യങ്ങളുടെയും നിർമ്മലീകരണത്തിനും സകല കറകളുടെയും ശുദ്ധീകരണത്തിനും ഞങ്ങൾ അർഹരായി ഭവിക്കണമേ. നിൻെറ കൃപയ്ക്കുതകത്തക്കവണ്ണം ഞങ്ങളോടു പ്രവർത്തിക്കണമേ. ഞങ്ങളുടെ കടങ്ങൾക്കനുസരണമായി ഞങ്ങൾക്ക് പ്രതിഫലം നൽകരുതേ. നിൻെറ ശരണത്തിൽ നിദ്രയടഞ്ഞവരും നിൻെറ വെളിപാടിനെ പ്രതീക്ഷിച്ചിരിക്കുന്നവരുമായ വിശ്വാസികളായ സകല പരേതർക്കും കരുണയോടെ ആശ്വാസവും ശ്രേഷ്ഠവും സ്വർഗ്ഗീയവുമായ ബലിപീഠത്തിൻമേൽ നല്ല ഓർമ്മയും നൽകണമേ. ഞങ്ങളും അവരും നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറുകയും ചെയ്യുമാറാകണമേ. ഹോശോ...

(മ്ശീഹാനാത്താറേല്)

ശിശുവാ-യ് സ്വയമേ വെളിവായി

നരവേ-ഷ-ത്തിൽ ജീ-വി—ച്ചോ-

രാശ്ചര്യത്തിൻ ശിശുധന്യൻ

ആംഗ്യ-ത്താലുലകം-വാ-ഴ്വോ-ൻ

ആദാമിനെ സംരക്ഷിപ്പാൻ

വന്നൊരു നാളിൽ-ശിശുപോൽ ചാ-ഞ്ചാ-ടി

വചനം നരനുപദേശിച്ചോൻ
ശിശുപോൽ-മൂകതപൂ-കുന്നു
സ്തു-ത്യം-തദ്വിനയം-ക്രൂബകൾ തൻ
ഉന്നതിയെ നീ-കൈവിട്ടു-മറിയാം
നിന്നെ പാഴ്ത്തുണിയിൽ ചുററാൻ
തക്കവിധത്തിൽ നീ നിൻ ശ്രേഷ്ഠതയെ-താ-ഴ്ത്തി.
ബാറെക്മോർ-ശുബഹൊ...

യൌസേ—പ്പങ്ങേ ലാളിപ്പൂ
തായാം—മറിയാം മോ-ദി-പ്പൂ
സ്വർഗ്ഗീ-യം സൈന്യം താണു
ഭൂവാ-സികളെ പ്രാ-പി-ച്ചു
ഈറേരും ദർശിക്കാത്തൊരു
നിൻ മാനത്തെ-പാരിൽ ദ-ർശി-ച്ചാർ
ശിശുവാ-യോൻ നീ പുൽക്കൂട്ടിൽ
മരുവീ—ടുന്നതു-ക-ണ്ടാറെ
നിൻ-ബ-ഹുമാന്യതയെ-സ്തുതിപാടി
പ്പാദംകൂപ്പീ-കാഹള-നാദത്താൽ
നിൻ മാഹാത്മ്യം ദർശിപ്പാ-
നർഹതനേടിയ മർത്യ-ർക്കേകീ-സൗ-ഭാ-ഗ്യം.
മെനഓലം.......

പുനരു-ത്ഥാനമതില്ലായ്കിൽ
സഹദേ-ർ വധമെന്തി-ന്നേ-ററു
പരലോ-കം നാസ്തിയതെങ്കിൽ
നല്ലോ-രെന്തിനു പോരാ-ടി
പുനരുത്ഥാനം കളവെങ്കിൽ
മിശിഹാമൃതരീ-ന്നെഴുന്നേററി-ട്ടി-ല്ല.
മൃതരേ!-നന്ദനനെ നോക്കിൻ
ദൈവ-ത്തിൻജീവാ-രാ-വം

വചനം നരനുപദേശിച്ചോൻ
ശിശുപോൽ-മൂകതപൂ-കുന്നു
സ്തു-ത്യം-തദ്വിനയം-ക്രൂമ്പകൾ തൻ
ഉന്നതിയെ നീ-കൈവിട്ടു-മറിയാം
നിന്നെ പാഴ്ത്തുണിയിൽ ചുററാൻ
തക്കവിധത്തിൽ നീ നിൻ ശ്രേഷ്ഠതയെ-താ-ഴ്ത്തി.

ബാറെക്മോർ-ശുബഹൊ...

യൌസേ—പ്പങ്ങേ ലാളിപ്പൂ
തായാം—മറിയാം മോ-ദി-പ്പൂ
സ്വർഗ്ഗീ-യം സൈന്യം താണു
ഭൂവാ-സികളെ പ്രാ-പി-ച്ചു
ഈറേറും ദർശിക്കാത്തൊരു
നിൻ മാനത്തെ-പാരിൽ ദ-ർശി-ച്ചാർ
ശിശുവാ-യോൻ നീ പുൽക്കൂട്ടിൽ
മരുവീ—ടുന്നതു-ക-ണ്ടാറെ
നിൻ-ബ-ഹുമാന്യതയെ-സ്തുതിപാടി
പ്പാദംകൂപ്പീ-കാഹള-നാദത്താൽ
നിൻ മാഹാത്മ്യം ദർശിപ്പാ-
നർഹതനേടിയ മർത്യ-ർക്കേകീ-സൗ-ഭാ-ഗ്യം.

മെനഓലം.......

പുനരു-ത്ഥാനമതില്ലായ്കിൽ
സഹദേ-ർ വധമെന്തി-ന്നേ-ററു
പരലോ-കം നാസ്തിയതെങ്കിൽ
നല്ലോ-രെന്തിനു പോരാ-ടി
പുനരുത്ഥാനം കളവെങ്കിൽ
മിശിഹാമൃതരീ-ന്നെഴുന്നേററി-ട്ടി-ല്ല.
മൃതരേ!-നന്ദനനെ നോക്കിൻ
ദൈവ-ത്തിൻജീവാ-രാ-വം

ജീ-വൻ-പൊയ്പോയോർ-കേൾക്കുമ്പോൾ
കബറുകൾ പൊളിയും-സ്വാഗതമവനേ-കാൻ
അവരെത്തിടുമെന്നാ ദൂതിൽ
ചൊല്ലിയവാക്കിൻ ശരണം-പരമാർത്ഥം-നൂ-നം.

മൊറിയൊ...

## *എത്രൊ*

പിതാവാം ദൈവത്തിൻെറ മഹനീയ മനസ്സിലെ ഉൽകൃഷ്ടജ്ഞാനമാകുന്ന സുഗന്ധവാഹിയായ വിശുദ്ധ പുഷ്പമേ! നിനക്ക് സ്തുതി. പാപത്താൽ അഴുകിയിരുന്ന ഞങ്ങളെ വിശുദ്ധമായ നിൻെറ ഘ്രാണത്തിൻെറ പരിമളവാസനയാൽ ആനന്ദിപ്പിക്കുന്നതിനുവേണ്ടി അനുഗൃഹീതയായ മറിയാമെന്ന വരണ്ട ഭൂമിയിൽ നിന്നു നീ സൃഷ്ടിയിൽ മുളച്ചുവന്നു. കർത്താവേ! ദയവുള്ള നിൻെറ കർതൃത്വത്തിനു ഞങ്ങളുടെ ദുർബല ഹസ്തങ്ങളാൽ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ ധൂപത്തെ കൈക്കൊള്ളണമേ.

ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! മഹനീയമായ നിന്റെ ശ്രേഷ്ഠതയുടെ സൗരഭ്യകരവും അദൃശ്യവുമായ ഭംഗിയെ സൂക്ഷ്മമായി നിരീക്ഷിക്കുവാൻ പര്യാപ്തമായ ആത്മീയവും പ്രകാശിതവുമായ ദിവ്യജ്ഞാനം ഞങ്ങൾക്ക് സമ്പാദ്യമായി നൽകണമെ. മോറാൻ......

(തൂബൈക്ക് ഈത്തൊ)

ആ-രാ-ളാവൂ-വർണ്ണിപ്പാൻ ബേ-തലഹേമിൽ
ഇന്നുളവായ മഹാശ്ചര്യം;
കണ്ടു ബുധൻമാ-ർവിസ്മിതരായ്
ഒരു പൈതലിതാ-പുൽക്കൂട്ടിൽ
കീറത്തുണിയിൽ മേ-വു-ന്നു,
കാഴ്ചയിലവനെളിയോനെന്നാൽ
ഭ്രമമാഗ്നേയ-ർക്കേററുന്നോ-ൻ
മാനവജന്മം-പൂണ്ടോനാം
ദൈവതനൂജനിവൻ സ-ത്യം.

ബാറെക്മോർ-ശുബഹൊ

ഘോഷിതമാ-യീ-സുതജനനം ബേ-തലഹേമിൽ
ആകർഷിച്ചാ സുവിശേഷം
സരണിബുധൻമാർക്കെളുതാ-ക്കീ
കൈത്താരിൽ കാ-ണിക്കകളും
ഹൃത്തിൽ വിശ്വാ—സവുമേ-ന്തി
ഗുഹയിൽപൂകി സൃഷ്ടിയിതിൽ
ധരണിതലത്തിൻ-സീമവരേ—
പ്രഭവീശീടും-മശിഹായാം
ദുരിതവിമോചകനേ-കൂ-പ്പി.

മെനഓലം...

വ-ർഷിക്ക-ട്ടേ-താതനയച്ചി-ട്ടാ ബാബേൽ

തീച്ചൂളയിൽ ബാലന്മാരിൽ

വീഴ്ത്തിയ ജീവ-പ്പനിനീ-രാ

മൃതിലോകത്താകുലമേറും

ഭവനങ്ങളിൽ മരുവു-ന്നോരിൽ

നിന്നഭയത്തിൽ നിദ്രിതരാം

ദാസൻമാർതൻ-പിഴപോക്കീ-

ട്ടവകാശം നൽകീ-ടേണം

ശാശ്വത സുസ്ഥിരരാ-ജ്യ-ത്തിൽ.

## *പെത്ഗോമൊ*

ഹാലേലുയ്യാ-ഉഹാലേ-നാഥൻ ചൊന്നെന്നോടെൻ തന

യൻ നീ-ഇന്നാൾ നിന്നേയുൽപാദിപ്പിച്ചേൻ-ഹാലേ.....

## *ഏവൻഗേലിയോൻ*

(യോഹന്നാൻ 1 : 1-17)

## *കുക്കിലിയോൻ*

മക്കളിലപ്പൻ കൃപചെയ്വതുപോലെ....ഇത്യാദി

മൊറിയൊ......

(മാർ യാക്കോബിൻെറ ബോവൂസൊ)

പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ

ആട്ടിടയൻമാർ ബേതലഹേമിൽ പാടിയപോലെ.

വന്നീക്ഷിപ്പിൻ, വാനിൻതേരിൽ വാഴുന്നോനെ

പേറീടുന്നു കന്യകചിത്രം, ഹസ്തതലത്തിൽ

ഗബ്രീയേലും വൃന്ദവുമൊപ്പം വന്ദിപ്പോനെ

യൌസേപ്പാദ്യൻമാർ പാണികളിൽ കൊണ്ടാടുന്നു.

സ്തോത്രം വാനിൽ മാഹാത്മ്യം തിങ്ങീടുന്നോനേ!
ഭൂവിൽ ജന്മശ്ലോമ്മോയാൽ മോദം ചേർത്തോനേ!
ജന്മത്താൽ ദിക്കെങ്ങും തോഷം വർഷിച്ചോനേ!
പ്രേഷകതാത! പാവന റൂഹാ! നിത്യം സ്തോത്രം.
പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിയന്മാർ ബേതലഹേമിൽ പാടിയപോലെ.

## *സൂത്താറാ*

### (മെൻഹൌബയ്മൊർ)

ഞാനഞ്ചുന്നേൻ പാപത്താൽ
ശുദ്ധർക്കേകും-മോദപ്പൂങ്കാവിൽ
    വേലിക്കൊത്തെന്നെ നാഥാ!
    എൻ പാപംരോധിക്കല്ലേ;
രക്ഷിച്ചെന്നെ നരകത്തീ—
ന്നേകുകവാസം-തിരുഹിതമാം സ്ഥാനേ.
                ബാറെക്മോർ-ശുബഹൊ-മെനഓലം

സ്തുതിയനുതാപക്കാർ മുമ്പിൽ
വാതിൽതുറക്കും രാജാവാമീശോ!
    പാതകിയാം ഞാനർത്ഥിപ്പൂ—
    നൽവരദാനത്താൽ മോദം
നൽകുകഭാവുക ദാതാവേ!
തീരണമെ ഞാൻ—നിന്നുടെ കിന്നരമായ്.

മൊറിയൊ....

(മാർ ബാലായിയുടെ ബോവൂസൊ)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ-നിൻ വിധിദിവസത്തിൽ

ആർത്തൻമാർ വാതിൽ-മുട്ടുന്നു കൃപാലോ
കനിവോട-ർത്ഥനകൾ-ക്കുത്തരമരുളണമേ.

വാനവനാം താതാ!-യാചിക്കുന്നടിയാ—
രീശുശ്രൂഷയെയേ-ററാർദ്രത തോന്നേണം.

വാനവർ തന്നീശാ!-മാനവർ തൻഗതിയേ
ഈ ശുശ്രൂഷയെയേ-ററാർദ്രത തോന്നേണം.

# രാത്രി

## കൗമാ

### *പ്രാരംഭപ്രാർത്ഥന*

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ! നിന്റെ ഉണർച്ചയെ സ്തോത്രം ചെയ്‌വാനായിട്ട് പാപമുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായിട്ട്, മരണത്തിന്റെയും നാശത്തിന്റെയും ഉറക്കത്തിൽനിന്നു ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമേ! സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയമാലാഖമാരുടെ മഹത്ത്വമുള്ള വൃന്ദങ്ങളോടൊരുമിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലായ്പോഴും എന്നേക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

## *സങ്കീർത്തനങ്ങൾ*

*(113-ം, 118-ം, 116-ം)*

രാത്രികാലങ്ങളിൽ കർത്താവിൻെറ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിൻെറ സകല ദാസൻമാരുമായുള്ളോരേ! നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽനിന്നു നിന്നെ അനുഗ്രഹിക്കും.

കർത്താവേ! എൻെറ സ്തുതി നിൻെറ മുമ്പാകെ പ്രവേശിക്കുകയും, നിൻെറ വചനത്താൽ എന്നെ ജീവിപ്പിക്കുകയും ചെയ്യണമേ. എൻെറ അപേക്ഷ നിൻെറ മുമ്പാകെ പ്രവേശിക്കുകയും നിൻെറ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമേ.

എൻെറ നാവ് നിൻെറ വചനം ഉച്ചരിക്കും. എന്തെന്നാൽ നിൻെറ കല്പനകളെല്ലാം നീതിയോടുകൂടിയവയാകുന്നു.

നിൻെറ കല്പനകൾ എന്നെ നീ പഠിപ്പിക്കുമ്പോൾ എൻെറ അധരങ്ങൾ നിൻെറ സ്തുതികൾ ഉച്ചരിക്കും. നിൻെറ കല്പനകളിൽ ഞാൻ ഇഷ്ടപ്പെടുന്നതിനാൽ നിൻെറ കൈ എന്നെ സഹായിക്കണമേ.

എൻെറ ആത്മാവ് നിൻെറ രക്ഷയ്ക്കായിട്ട് കാത്തിരുന്നു. നിൻെറ വേദപ്രമാണം ഞാൻ ധ്യാനിച്ചു. എൻെറ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും നിൻെറ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യണമേ.

കാണാതെപോയ ആടുപോലെ ഞാൻ തെററിപ്പോയി. നിൻെറ ഭൃത്യനെ അന്വേഷിക്കണമേ. എന്തെന്നാൽ നിൻെറ കല്പനകളൊന്നും ഞാൻ മറന്നില്ല.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ നിങ്ങൾ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ-ശുബഹൊ-മെനഓലം.....

(അംക്രുബെന്ബർക്കോഖ്)

മാന-വ വത്സലനേ!- ക്രൂബേസ്രോപ്പേ മാലാഖാ

സ-ഹിതം ഞങ്ങൾ, വാ-ഴ്ത്തും കാദീശ്,

പാടും പ്രണമിക്കും നാ-ഥാ! സ്തുതിതേ-

നിഖിലജഗന്നിർമ്മാ-താ-വേ

പേർഷ്യൻ വിബുധൻമാർ-ആദ്യജനുപഹാരങ്ങളുമായ്
വ-ന്നുൾപ്പുകി, സംഭ്രമസഹിതം
പ്രണമിച്ചുരചെയ്തു, നാ-ഥാ സ്തുതിതേ..................

മനുജ-പ്രിയനേ! നിൻ ദൈവത്വത്തിനു കാഴ്ചകളെ
യ-വരർപ്പിച്ചു, മാനിക്കുന്നൂ
സഭ തിരുജനനദിനം നാ-ഥാ സ്തുതിതേ..................

പ്രഭയിൻ-സുപ്രഭയേ-ശാശ്വതതാതാ തൻതനയാ!
അൻ-പാലേററു നീ-നരജനനം
സ്തുതിയരുളുന്നെങ്ങൾ; നാഥാ! സ്തുതിതേ................

പേർഷ്യൻ-വിബുധൻമാർ-കാഴ്ചകളങ്ങേയ്ക്കർപ്പിച്ചു
ബേ-തലഹേമിൽ ഘോഷി-ച്ചേവം
മാനവ വത്സലനേ! നാഥാ! സ്തുതിതേ....................

ബാറെക്മോർ-ശുബഹൊ-മെനഗാലം...

മേലൂ-റിശിലേമിൽ-ഭൂവാസികളുടെ സഭയിതിലും
നിൻ-നാമത്തിൽ നിദ്രിതരടിയാർ
ക്കരുളണമേ സ്മരണ. നാഥാ!-സ്തുതിതേ..................

കുറിയേ...കുറിയേ....കുറിയേ......

## ഒന്നാം കൗമാ

### എക്ബോ

(എസ്കാത്തൽവൗ)

നാഥാ! ഈ നിൻജന്മത്തിൽ-നാളി-ൽ
വായ്കളിൽ നിന്നെല്ലാം-സ്തോ-ത്രം-തേ
കുറി...കുറി...കുറി...ഞങ്ങളുടെ കർത്താവേ.......

(കൂക്കോയൊ)

മുററുന്നീററിൻനോ-വെന്നിൽ യൗസേപ്പൊടു ചൊ-ന്നാൾ
നീതിജ്ഞാ! ബേത-ലഹേമിൽ ഗുഹയിൽ പോ-യീ-ടാം
ഇല്ലൊരു പായും-കട്ടിലുമീയു-ള്ളോൾ
ക്കീയുലകത്തിൽ— ഞാനാശ്രയഹീ-ന
ലോകപുരാതനനേ-ഗുഹയിൽ പ്രസവിച്ചയ്യ-യ്യോ
ജഗതീരക്ഷകനേ-ഞാൻ പുൽക്കൂട്ടിൽ പാലി-ക്കും
ഹാലേലുയ്യാ-ഉഹാലേ-ലു-യ്യാ.
ബാറെക്മോർ-ശുബഹൊ....

ഭാഗികമായ് ദൃഷ്ടാന്ത-ത്തിൽ നിബിയൻമാർ മൂ-ലം
പൂർവ്വികതാതരൊടായ് താ—തൻ പൂർവ്വം ഭാഷി-ച്ചു
നമ്മോടിന്നീ-യന്തിമകാല—ത്തിൽ
വത്സല തനയൻ—വഴിയായ് ഭാഷി-ച്ചു
അവകാശിയവൻ മൂ-ലം നിർമ്മിതമായ് ലോ-കം
ബേതലഹേം ഗുഹയിൽ ജാ-തം ചെയ്തോനവന-ല്ലോ
ഹാലേലുയ്യാ-ഉഹാലേലു-യ്യാ

(ത്ഹർ-ഗബ്രീയേൽ)

ഹാ! ബലഹീനൻ—ഞാൻ
നാഥാ! നിന്നെ—വർണ്ണിപ്പാ-ൻ വഴിപോലെ
നിൻ ചരിതം വചനാ—തീതം.
ആ-ദാ—മി-ൻെറ സൃഷ്ടാവേ! പൂണ്ടേൻ

നിൻ ജന്മത്തിൽ-ഞാനാശ്ച-ര്യം
വാനവദൂത-ന്മാർ ജഗതീ-ദാഹകമാം
നിൻ ജ്വാലാനിവഹം-ത-ന്നിൽ
ക-മ്പം-പൂകുമ്പോൾ
ഭൌതികമുദരം-തേമതിയാ-യീ
എരിയായ്‌വാൻ നിൻ കതിരുകളിൽ, കൃപയാൽ നീ
കൈത്താരതിലവളേ-ത്താ-ങ്ങി.

ബാറെക്മോർ-ശുബഹൊ-മെനഓലം

എൻ-വദനം-ദീ-നം
ദൈവത്തിൻ പ്രാ-ണാത്മകനാം-കുഞ്ഞാടിൻ
മാഹാത്മ്യത്തെക്കീ-ർത്തി-പ്പാൻ
പാ-രും-വാ-നും നിറയും നിന്നേയാ
മറിയാമങ്ക-ത്തിൽ കൊണ്ടാ-ടി
ഹാ! മാനവനേ-യെന്നവിധം-പ്രസവിച്ചു.
ശിശുപോൽ നീ പാലുൾ-ക്കൊ-ണ്ടു
ജ-ഗതി-രക്ഷകനേ!
താവക മദ്ധ്യസ്ഥ-തയാൽ ശാ-ന്തി
നേടിയ സ്വർഗ്ഗീ-യന്മാരും-ഭൌമികരും
സ്തുതിഗീതം തവ-പാ-ടു-ന്നൂ

(എസ്കാത്തൽവൌ)

നാ-ഥാ! ഈ നിൻജൻമത്തിൻ-നാളി-ൽ
വായ്കളിൽ നിന്നെല്ലാം-സ്തോ-ത്രം-തേ
നിൻ ശ്രേഷ്ഠത തന്നുന്നതി കൈ-വിട്ടു
ഹീനതയെ സ്വയമാർ-ന്നോ-നാകും

സ-ർവ പ്രാണദനേവർണ്ണി-ച്ചീ-ടാൻ
മതിയാകും മൃതിയു-ള്ളോ-നേ-വൻ
ജ-ൻമശ്രീദായകനേ! നീൻജൻമത്തേയുൽ
ഘോഷിച്ചീ-ടാൻ
ഏ-കുക ബലമെൻമനതാരിനു നിൻ ശ്രേഷ്ഠതയേ
ശോധിക്കാ-തെ
ആ-ർദ്രതയെ ഞാൻ ഘോഷിച്ചീ-ടേണമേ
ദൃശ്യനദൃശ്യൻ നീ-ധന്യൻ-താൻ
ആശ്ചര്യം ഗാത്രം തന്നിൽ-പു-ത്രൻ
പൂർണ്ണതയോടെഴുന്ന-ള്ളിപാ-ർത്താൻ
സ-മ്പൂർണ്ണതയൊടു ഗാത്രത്തിൽ-വാ-ണാൻ
മതിയായ് മരുവീടാ-നാ-ഗാത്രം
അന്യൂ-നപ്രീതിയൊടവിടധിവാസം ചെയ്താൻ
സീമാതീതൻ
പൂ-ർണ്ണനരത്വമൊടമരുമ്പോൾ പൂർണ്ണാധീശത്വം
പൂണ്ടോനേ
വ-ർണ്ണിച്ചീടാൻ മതിയായോ-നേ-വൻ
സീമാതീതനവൻ-ധ-ൻ-താൻ.
സാക്ഷാൽ സ്വർഗ്ഗീയതയിൽ വാ-ഴു-മ്പോൾ
ഭൌമികനായോനേ!-സ്തോ-ത്രം-തേ
സ്വ-ർഗ്ഗീയാദ്യ തനൂജൻ സ്നേ-ഹ-ത്താൽ
ആദ്യജനായോൻ മറിയാ-മീ-ന്നും
ദൈ-വത്തിൻ ശിശുവാകുന്നോൻ പേരിനു
യൌസേപ്പിൻ ശിശുവായി
സ്വേ-ഷ്ടത്താൽ സാക്ഷാൽ ദൈവം മാനവ ജനനത്തെ
കൈക്കൊ-ണ്ടു

നിന്തിരുവിഷ്ടം മഹനീയം-ശ്രേ-ഷ്ഠം
താവകമാം ജൻമം-ധ-ന്യം-താൻ.
താ-തേശാത്മജ പരിശുദ്ധാ-ത്മാവേ!
ആരംഭം മുതലേ-സ്തോ-ത്രം-തേ
നി-ന്നിലുദിച്ചേൻ നൽകബലം-നാ-ഥാ
പരിണാമത്തോളം ചെ-ന്നെ-ത്താൻ
നാ-നാവിധ ഭംഗികളേയും നിഹനിക്കും കുഴിമാടം
ത-ന്നിൽ
എ-ന്നുടെ ബലഹീനതയോലും വാക്കുകളവസാനി
ച്ചീടുമ്പോൾ
തീ-നരകത്തിൽ രക്ഷിതനായീ-ടാൻ
കൃപചെയ്തീടണമേ ക-ർത്താ-വേ!

(മാനൂബർമാന്നൂ)

ദാവീദിൻ-മകൾ കന്നി
ജനതാമദ്ധ്യേ നി-ന്നീ-ടു-ന്നൂ
കൈകളിൽ-മേ-വുന്നുണ്ണി
താർക്കികരവനെ ചൂ-ഴു-ന്ന-ല്ലോ
പാർക്കുന്നേ-കൻ; നേർക്കുന്ന-ന്യൻ
സാക്ഷിച്ചന്യനിവൻ-താൻ-ദൈ-വം.
ദാവീദിൻ-മകൾ കന്നി
നമ്മെ വിളിച്ചാൾ സ്നേ-ഹ-ത്താൽ-തൻ
പന്തിയിലെ-ക്കീനാളിൽ
വരുവിൻ നമ്മൾക്കാ-മോദി-ക്കാം
അവളോ-ടൊന്നിച്ചുൽഘോഷി-ക്കാം
തൽഫലമീശൻ താ-നെ-ന്നേവം.

കന്യകയായ്-നല്ലാരിൽ
പൈതലിനെ പ്രസവി-ച്ചോ-ളേ-വൾ
സംഗമരാ-ഹിത്യത്തിൽ
സ്തന്യവുമുണ്ണിയുമെ-ന്നാർ-ക-ണ്ടു
അത്ഭുതവാ-ർത്ത! വിസ്മയവാ-ർത്ത!
വാദിഗണം വായ് മൂ-ടീ-ട-ട്ടെ

താതയുതം-നീ ദൈവം
അതിനാൽ ജാതികൾതൻ ന-ന്ദ-ന-യാം
തിരുസഭ-നിന്നുദയത്തെ
സങ്കീർത്തിച്ചഭിമാ-നം-കൊൾവൂ
പ്രേമം-നൽക; ക്ഷേമം-നൽക
തൽദാതാവാം താ-തൻ-ധ-ന്യൻ.

മഹിതാത്മാ-വേശായാ
വിക്രമിയെന്നാ നീ-മശി-ഹാ-യെ
വിസ്മയ ജ-ൻമത്താല-
ങ്ങത്ഭുതമെന്നും ഹാ-കൊ-ണ്ടാ-ടി
അവനോ-വീരൻ; വിസ്മയ-നീ-യൻ
ഏശായായുൽഘോ-ഷി-ച്ചോ-ണം.

ദൂതവരൻ-മശിഹായെ
ഉടയോനെന്നാഹ്വാ-നം-ചെ-യ്തു.
ഇല്ലല്ലൊ-ദൂതൻമാ-ർ
ക്കുടയോനങ്ങനെ മനു-ജോ-ൽഭൂ-തൻ
അവനോ-ദൈവം; ദൈവോൽഭൂ-തൻ
അതിനാൽ ഗബ്രീയേ-ലിൻ-നാ-ഥൻ.

കാതതിലൂ-ടുൾപൂകി
ബാലിക തന്നിൽ വ-ചനം വാ-ണു
ഉദരത്തീ-ന്നീപ്പാരിൽ
കായികമായിജ്ജാ-തം-ചെ-യ്തു.
ശിശുവോ-വൃദ്ധൻ, പരമാശ്ചര്യം!
ഇക്കഥ സംഭ്രമമാ-ർക്കേ-കീ-ടാ.

ആരിവനാർ-തൻസൂനു?
മറിയാമിൽ സംജാ-തം-ചെ-യ്തോൻ
സത്യമയൻ-ദൈവത്തീ-
ന്നുദയം ചെയ്തൊരു ദൈ-വം-തന്നെ
ദ്യോവിൽ-ദൈവം, മന്നിൽ-മർത്യൻ!
സന്ദേഹിപ്പോൻ ശാ-പാ-ർഹൻ-താൻ.

(മാർ യാക്കോബിൻെറ ബോവൂസൊ)

പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിടയൻമാർ ബേതലഹേമിൽ പാടിയപോലെ.

പൈതലിനെന്നോണം ബാലിക പാലേകീടുമ്പോൾ
ദാനം ചെയ്താൻ ബീജങ്ങൾക്കായ് നീരും മഞ്ഞും
വിശ്വാസത്തിന്നാത്മാവാൽ നീ ബോധിക്കേണം
മേലും കീഴും സമ്പൂർണ്ണം വാഴുന്നുണ്ടീശൻ.

കേൾവിക്കാർ കേട്ടില്ലെന്നാലും കേട്ടെന്നാലും
ജീവൻ തൻചൊൽ ചൊല്ലുന്നോനേ ചൊല്ലു ചൊല്ലു
നൈർമ്മല്യത്തോടൻപും നിറയുന്നോളേ ശാന്തി!
താതൻതൻ നിക്ഷേപം പേറും നൗകേ ശാന്തി

നിർമ്മലമാകും മാണിക്യത്തിൻ മുത്തേ ശാന്തി
നിന്നിൽജാതം ദൈവസുതൻ ചെയ്തതിനാൽ ശാന്തി.
പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിടയൻമാർ ബേതലഹേമിൽ പാടിയപോലെ.

# രണ്ടാം കൗമാ

## എക്ബാ

(ആബൊക്സബുവോ)

ജഗതീരക്ഷകമശിഹായേ
പെററോളം മറിയാം ധന്യ

കുറി...കുറി...കുറി...

ഞങ്ങളുടെ കർത്താവേ....

(സൊഹദൗ ആത്തുൻ)

ഒമ്പതുമാസം-മറിയാമേന്തി
ജനകേശൻ-തൻവലമായ് വാ-ഴ്‌വോ-നെ
തേരിലമർന്നോൻ-വാണുദരത്തിൽ
തേജോധാ-രി പാഴ്ത്തുണികൾ-ചു-ററി
ന-രനായ് ദൈവം
സുതസഞ്ചയമൊത്താദാമിനെ
സംര-ക്ഷിപ്പാനാ-ശ്ചര്യം
ബാറെക്മോർ-ശുബഹൊ.....മെനഓലം.....

ഏന്തിമറിയാം-സർവംഭരനെ
ഉൽഘോഷി-ച്ചാൾ; സ്പുടമവനോ-ടേ-വം
ഉന്നതസൂനോ-നരവംശത്തെ
സംരക്ഷി-പ്പാൻ ഹിതമൊടുതാ-ണെ-ത്തി
മെ-യ്യാർന്നോനേ!
നിഖിലാധീശാത്മജനേ! നിൻ
മാതാ-വാകും ഞാ-ൻ ധന്യ.

(ബാറുബ്ത്തൊബ്റീശീന്)

അധിനാഥൻ-ജനിയാർന്നു പാഴ്ത്തുണിയാ-ലാവൃതനായ്
പാർത്തപ്പോൾ-വാനവരാം ഈറയരും-ദൂതരുടെ
വ്യൂഹമതും വന്നെത്തി കാഹളനാ-ദത്തോടെ
ഹാലേലുയ്യാ-ഉഹാലേലുയ്യാ താഴ്മവരി-ച്ചോൻധന്യൻ
ബാറെക്മോർ-ശുബഹൊ........

സൃഷ്ടികളെ-രക്ഷിപ്പാൻ ദാവീദിൻ നന്ദനിയിൽ
സംജാതം ചെയ്തോനാം മിശിഹായെ ബേതലഹേം
പുക്കുടനേ കാൺകെന്നങ്ങിടയരൊടത്യാനന്ദം
ഹാലേലുയ്യാ ഉഹാലേലുയ്യാ മാലാഖായറിയിച്ചു

(ആബൊക്സബ്വൊ)

ജഗതീ രക്ഷക മിശിഹായെ പെററോളാം മറിയാം ധന്യ.
കതിരേറീടും കതിരോ നീ
ലോകം ദർശിപ്പാനെത്തി
പ്രേക്ഷകലോകത്തി-ന്നക്ഷികൾ മാഞ്ചായ്വാൻ
നരരൂപത്തിൽ സസ്നേഹം
ചെയ്താനുദയം ലോകത്തിൽ.

മഹിമാവിൻ മഹിതംരൂപം
മഹിമാവീ മാനുഷനേകാൻ
മാനുഷവേഷത്തിൽ-വെളിവായീ മന്നിൽ
പൂർണ്ണം താതേശനു തുല്ല്യൻ
പൂർണ്ണം നമ്മൾക്കും തുല്ല്യൻ

സ്വർഗ്ഗീയസുതൻ പ്രേഷിതനായ്
മേലീന്നും ഭൂലോകത്തിൽ
ഉന്നത സ്വർഗ്ഗത്തിൽ ഭൌമികരേയേററി
ദൈവികമാം ബാന്ധവമേകി
ദൈവത്തെ പ്രീണിപ്പിക്കാൻ

എരിതീജ്വാലയിലെരിയായ്വാൻ
ശ്രോപ്പേൻമാർ വദനംമൂടി
നിർമ്മല നാദത്താ-ലാരേകീർത്തിക്കു-
ന്നവനേ ശിശുപോൽ സാധുസ്ത്രീ
താരാട്ടിത്താലോലിച്ചു.

ഗൃഹയുഥത്തെയാംഗ്യത്താൽ
കാലാവസ്ഥിതിയുളവാംമ-
ട്ടത്ഭുതവേഗത്തിൽ-പായിച്ചീടുന്നോൻ
നീന്തീ ശിശുപോൽ സ്വകജനിയാൽ
ശ്രീയാർന്നൊരു ബേതലഹേമിൽ.

(ഹദൗആമ്മെ)

സംരക്ഷിത-ജാതികളേ-വരുവിൻ പാടിൻ
തനയൻ തൻ ജനനത്തിൽ-സ്തോത്രം പാടിൻ.

താഡിപ്പിൻ-താഡിപ്പിൻ-കരമിന്നാളിൽ
തനയൻതൻ-ജനനത്തിൽ-സ്തോത്രം പാടിൻ.

താണുപറ-ന്നീറേൻമാർ-ബേതലഹേമിൽ
തനയൻതൻ-ജനനത്തിൽ-സ്തോത്രം പാടി.

സ്വർഗ്ഗോന്നത-സ്വർഗ്ഗമവ-ന്നേകീ സ്തോത്രം
തനയൻതൻ-ജനനത്തിൽ-സ്ത്രോത്രം പാടി.

അപഥംവിട്ടപരൻമാർ-തിരികെ വന്നൂ
തനയൻതൻ-ജനനത്തിൽ-സ്തോത്രം പാടി.

സുവിശേഷ-ഗ്രഹണത്താ-ലജപാലൻമാർ
തനയൻതൻ-ജനനത്തിൽ-സ്തോത്രംപാടി.

വിണ്ണവരും-മൺമയരും-ഘോഷിച്ചോതി
തനയൻതൻ-ജനനത്തിൽ-സ്തോത്രം പാടി.

അവരമിത-പ്രമദത്താൽ-ബേതലഹേമിൽ
ഈ ജനന-ത്തിരുനാളിൽ സ്തുതിപാടുന്നു.

മശിഹായാൽ-രക്ഷിതരാം-സൃഷ്ടികളെല്ലാം
തനയൻതൻ-ജനനത്തിൽ-സ്തോത്രംപാടി.

വ്യോമത്തീന്നീറയർതൻവ്യൂ-ഹം താണു
തനയൻതൻ-ജനനത്തിൽ-സ്തോത്രംപാടി.

കാഴ്ചകളൊ-ത്തിടയൻമാർ-വിദ്വാൻമാരും
തനയൻതൻ-ജനനത്തിൽ-സ്തോത്രംപാടി.

വിശ്വാസിക-ളേ! സഭതൻ-സുതരേ! നിങ്ങൾ
തനയൻതൻ-ജനനത്തിൽ സ്തോത്രം പാടിൻ.

വിസ്മയകര-ശിശുവേ! നി-ന്നവതാരത്തെ
വാഴ്ത്തിടുമീ-നിവഹത്തിൽ-കൃപചെയ്യേണം.

മഹിമയെഴും-വന്ദ്യമതാം-ത്രിത്വത്തിന്ന്
അനവരതം സ്തുതിസകലം-ചേർന്നീടട്ടെ.

(മാർ അപ്രേമിന്റെ ബോവൂസൊ)

ജൻമത്താൽ വിടുതൽതന്ന
നന്ദനനേ! കൃപചെയ് നാഥാ!
ജൻമത്താൽ രക്ഷിച്ചോനാം
മശിഹാ! കാരുണ്യം ചെയ്ക.

ആർദ്രതയാൽ ദൈവം താണു
ബാലികതന്നുദരേ വാണു
അദ്രികളും തന്നാംഗ്യത്താൽ
ഭൂതലവും വിറകൊള്ളുന്നു,

കൽപ്പനയാലവനേയേററു
മാനുഷിതൻ ബലഹീനാങ്കം.
എങ്ങനെയാണത്യാശ്ചര്യം
സൃഷ്ടാവേ പുൽക്കൂടേററു

എങ്ങനെയാ പുൽക്കൂടേററു
സിംഹത്തിൻ ശിശുവിൻ ശക്തി
എങ്ങനെയാവിശ്വംഭരനേ
കന്യകയാം പെൺകുഞ്ഞേന്തി

ജൻമത്താൽ വിടുതൽ തന്ന
നന്ദനനേ! കൃപചെയ്നാഥാ!
ജൻമത്താൽ രക്ഷിച്ചോനാം
മശിഹാ! കാരുണ്യം ചെയ്ക.

## *മൂന്നാം കൗമാ*

### എക്ബോ

(ആബൊാക്സബ്വൊ)

കർത്താവേ! നൽകാശ്വാസം
നിൻ സൽഭവനങ്ങൾക്കുള്ളിൽ
 വാങ്ങിപ്പോയോർക്കായ്-കൃപയീ ഞങ്ങൾക്കും
അടിയാർക്കുമവർക്കും പററും
കുററങ്ങളെ മാററീടേണം.

കുറി...കുറി...കുറി...

ഞങ്ങളുടെ കർത്താവേ......

(ബ്കൂൽമേദെം)

 കർത്താവേ! നൽക് ആശ്വാസം.
ഉത്ഥാനത്തിൻ നാളോളം
താൽക്കാലികമാമിജ്ജീവൻ
വിട്ടപിതാക്കൾക്കും ഭ്രാതൃജനങ്ങൾക്കും
കാന്തിയെഴുന്നറകൾക്കുള്ളിൽ നൽകീടാശ്വാസം
അവരെയോർക്കും നാൾ കബറുള്ളസ്ഥികളറിയേണം
 നിൻ കൽപ്പന മൺമയരാമാ-
 ദാമ്യർക്കുയിരേകീടുമ്പോൾ
കാന്തിയണിഞ്ഞിട്ടവർ നിന്നോ-
ടൊപ്പം മണവറയിൽ പൂകി
ഉയിരേകും നിന്നെ സ്തോത്രം ചെയ്യേണം.

ബാറെക്മോർ-ശുബഹൊ-മെലഓലം

ആർക്കായ് കാഴ്ചകളിവിടെയണ-
യ്ക്കുന്നോ ഭാഗ്യമവന്നേററം
മേൽ സ്വർഗ്ഗത്തിലവന്നോർമ്മയതുണ്ടാകും.
ഗോത്രപ്പേരുകളോർമ്മക്കായ് കർത്താവിൻ മുമ്പിൽ
കാൺമാൻകല്ലുകളിൽ മൂശ കൊത്തിയതോർക്കുമ്പോൾ
 നിങ്ങൾ തൻ മൃതർപേരുകളെ
 ഓർക്കാനും പള്ളിയിലിവിടെ
എഴുതാനും മേൽസ്വർഗ്ഗത്തിൽ
മശിഹാതൻ വരവിൽ തന്നോ-
ടവർ മോദിപ്പാനും ചേർപ്പിൻ പ്രിസ്റ്റായിൽ.

മൊറിയൊ......

(മാർ ബാലായിയുടെ ബോവൂസൊ)

കരുണ നിറഞ്ഞവനേ!-പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ-പുതുതാക്കീടണമേ.
നിന്നിൽ ശരണത്താൽ-നിദ്രയിലായ് നിൻെറ
വരവിനു കാത്തീടും-മൃതരിൽ കനിയണമേ.
അവരബറാഹത്തി-ൻെറയുമിസഹാക്കുടെയും
യാക്കോബിന്നുടെയും-മടിയിൽ പാർക്കണമേ.
വന്നവനും വരുവോ-നും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാ-ത്മാക്കൾ പാടണമേ.

ഹാലേ-ഉഹാലേ-ഉഹാലേ.....ദൈവമേ! നിനക്ക് സ്തുതി,
ഹാലേ-ഉഹാലേ-ഉഹാലേ....ദൈവമേ!....
ഹാലേ-ഉഹാലേ-ഉഹാലേ....ദൈവമേ!....

കരുണയുള്ള ദൈവമേ! നിൻെറ കരുണയാൽ ഞങ്ങളോട് കരുണചെയ്യണമേ.

നാം ദൈവത്തിൻെറ പുത്രൻമാരായിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം.

അഴിവില്ലാത്ത ലോകമായ സ്വർഗ്ഗത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടു കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കട്ടെ. മൊറിയൊ.....

## *ലൂക്കോസ് 1: 46 മുതൽ*

മറിയാം പറഞ്ഞത്, എൻെറ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എൻെറ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു.

എന്തെന്നാൽ അവൻ തൻെറ ദാസിയുടെ താഴ്മയെ നോക്കി ക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്ക് ഭാഗ്യംതരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമമുള്ളവനും ആയവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവൻെറ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തൻെറ ഭുജംകൊണ്ട് ജയം ഉണ്ടാക്കി. തങ്ങളുടെ ഹൃദയവിചാരങ്ങളിൽ അഹങ്കാരികളെ ചിന്നിപ്പിച്ചു. അവൻ ബലവാൻമാരെ സിംഹാസനങ്ങളിൽനിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നൻമകൾകൊണ്ട് സംപൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർഥമായി അയയ്ക്കുകയും ചെയ്തു. അവൻ നമ്മുടെ പിതാക്കൻമാരായ അബ്രഹാമിനോടും അവൻെറ സന്തതി യോടും സംസാരിച്ച പ്രകാരം എന്നേക്കും അവൻെറ കരു ണയെ ഓർത്തുകൊണ്ട് അവൻെറ ദാസനായ ഇസ്രായേലിനെ സഹായിച്ചു.

## *മാവുർബൊ*

ഹാ! നിൻഭാഗ്യം ദാവീദിൻ മകൾ മറിയാമേ!
ദൈവം നിന്നിൽനിന്നു ശരീരം പൂണ്ടി-
ട്ടാദാമ്യരെയടിമയൊഴിച്ചെല്ലാം വീണ്ടു.

ന്ബീയൻമാർ ശ്ലീഹൻമാർ സഹദേൻമാർ നയവാ-ൻ
മാരാചാര്യൻമാർ ലേവിയരായോരേ!
പ്രാർത്ഥിപ്പിൻമശിഹാകൃപചെയ്വാൻ ഞങ്ങളുടെമേൽ
ബാറെക്മോർ-ശുബഹൊ-

നിൻഗാത്രം ഭക്ഷിച്ചും നിൻരക്തം പാനം
ചെയ്തും ശരണത്താൽ മൃതരായോർക്കാശ്വാ-
സത്തോടോർമ്മയുമലിവോടുളവാക്കെൻ നാഥാ!

മെനഓലം........

മാലാഖാ നാഥാ! നിന്നുടെ മാതാ താനും
പരിശുദ്ധൻമാരുമണയ്ക്കും പ്രാർത്ഥനയാൽ
ശുശ്രൂഷകൾ കൈക്കൊണ്ടരുൾ ചെയ്യേണം.

ആമ്മീൻ.

*132-ാം മസുമൂറാ*

സഹോദരൻമാർ ഒരുമിച്ചു വസിക്കുന്നത് എത്ര നൻമയും എത്ര സൗന്ദര്യവുമാകുന്നു.

അത് അഹറോൻെറ തലയിൽ നിന്ന് താടിയിലേക്കിറങ്ങി അവൻെറ അങ്കിയുടെ വെളുമ്പിൻമേൽ ഒഴുകുന്ന തൈലം പോലെയും സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തെയും ജീവനെയും കൽപ്പിച്ചു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്.....

*എനിയോനൊ*

ദൈവമാതാവിന് ഓർമ്മയും അവളുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാൻമാർക്ക് ഓർമ്മയും അവരുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും ശ്ലീഹൻമാരുടെയും സഹദേൻമാരുടെയും പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

കർത്താവേ! നിന്റെ സഹദേൻമാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതൻമാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കണമേ.

ദയയുള്ളവനും കരുണ നിറഞ്ഞിരിക്കുന്നവനുമായുള്ളോവേ! നിന്റെ ന്യായവിസ്താര ദിവസത്തിൽ ഞങ്ങളോട് കരുണ ചെയ്യണമേ.

തന്നെ വിളിക്കുന്ന പാപികൾക്ക് തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

കർത്താവേ! വിശ്വാസമുള്ള സഭയുടെ മക്കൾക്ക് നല്ല ഓർമ്മയുണ്ടാകുമാറാകണമേ.

നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലതുഭാഗത്ത് നിൽക്കുമാറാകണമേ.

## *വേറൊരു എനിയോനൊ*

കന്യകയായ മാതാവേ! എല്ലാക്കാലത്തും എല്ലാനേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമേ.

(കർത്താവേ!) എല്ലാനാഴികയിലും ഞങ്ങൾക്കായി കെണികളെ വയ്ക്കുന്ന ദുഷ്ടനെ നിന്റെ പരിശുദ്ധൻമാരുടെ പ്രാർത്ഥനയാൽ ഞങ്ങളിൽനിന്ന് മായിച്ചുകളയണമേ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കുകയും അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.

വചനമായ യേശുതമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

നാം ജീവനോടിരിക്കുന്ന നാളൊക്കെയും എല്ലായ്പ്പോഴും പിതാവിനേയും പുത്രനേയും വിശുദ്ധറൂഹായേയും സ്തുതിച്ച് വന്ദിച്ച് മഹത്വപ്പെടുത്തണം.

ഏററവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്നള്ളുന്നതായ വലിയ ദിവസത്തിൽ നിൻെറ വലതു ഭാഗത്ത് ഞങ്ങളെ നിറുത്തണമേ.

ഈ സമയത്ത് നിനക്ക് സ്തുതിപാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട് നിൻെറ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ.

ഞങ്ങളുടെ മരണത്തിൻെറയും ജീവൻെറയും നാഥനായ കർത്താവേ! നിൻെറ കൃപ ഞങ്ങളുടെമേൽ ഉണ്ടായി ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും ആത്മാക്കളിന്മേൽ കരുണചെയ്യണമേ.

കർത്താവേ! ഞങ്ങളോട് കരുണചെയ്ത് ഞങ്ങളെ സഹായിക്കണമേ.

### *148, 149, 150 മസുമൂറാകൾ*

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേററ് സ്തുതിപ്പിൻ. ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതൻമാരുമേ! അവനെ സ്തുതിപ്പിൻ. അവൻെറ സകല സൈന്യങ്ങളുമേ! അവനെ സ്തുതിപ്പിൻ.

ആദിത്യചന്ദ്രൻമാരേ! അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ! അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശ

ങ്ങൾക്കു മീതെയുള്ള വെള്ളങ്ങളുമേ! അവനെ സ്തുതിപ്പിൻ; അവ കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു: അവ ഉണ്ടായി. അവൻ കൽപ്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, നിയമം നിശ്ചയിച്ചു; അത് അഴിയുന്നതുമല്ല.

ഭൂമിയിൽനിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ച വെള്ളവും, ഹിമവും, അവൻെറ വചനപ്രവൃത്തിയായ കാററുകളും, കൊടുങ്കാററുകളുമേ! (കർത്താവിനെ സ്തുതിപ്പിൻ.)

പർവ്വതങ്ങളും സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ! (കർത്താവിനെ സ്തുതിപ്പിൻ.)

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും, സകല ന്യായാധിപൻമാരും, ശിശുക്കളും, കന്യകമാരും, വൃദ്ധന്മാരും, യൌവ്വനക്കാരും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമംമാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും,ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നീതിമാന്മാർക്കും തനിക്കടുത്ത ജനമായ ഇസ്രായേൽ മക്കൾക്കും മഹത്വം ഉയർത്തുന്നു.

കർത്താവിനു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ. ഇസ്രായേൽ തൻെറ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോൻെറ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരതപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവനു പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രർക്ക് രക്ഷകൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും; അവർ തങ്ങളുടെ കട്ടിലുകളിൻമേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്ക് പ്രതിക്രിയയും, ജനത്തിന് ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കൻമാരെ ആലാത്തുകൾകൊണ്ടും, അവരുടെ മാന്യൻമാരെ ഇരുമ്പുചങ്ങലകൾകൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവൻെറ സകല നീതിമാൻമാർക്കും മഹത്വം ഉണ്ടാകുവാനും അവരുടെ കൈകളിൽ • ഇരുമുനവാൾ ഉണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവൻെറ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരതപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ-ശുബഹൊ-മെനഓലം.

ത്രിത്വത്തിനു സ്തുതി; ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും, ഉൺമയായതും, ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാനേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

## *കുക്കിലിയോൻ*

നിന്നാൾ സ്തുതിയൊടുരാജുമകൾ ഹാ-ഹാ
നിൻവലമായ് രാജഭാമിനിയും
നിന്നഴകരചൻ മോഹിപ്പാൻ ഹാ-ഹാ-
നിൻജനമോർക്കായ്ക പിതൃഗൃഹവും-ബാറെക്കുമോർ
ശുബഹോ-മെനഓലം....

## എക്ബാ

ഭക്തർ പുകഴ്ച്ചാഭാജനമേ
നിന്നിലുദിച്ചോരേകസുതൻ
തൃക്കരൾ ഞങ്ങളിലലിവാൻതൻ
പക്കലപേക്ഷയണയ്ക്കേണം
സ്തൗമൻകാലോസ്...

## കോലോകൾ

ദൈവത്തിൻ മാതാ-മറിയാമിന്നും നിബിയ-
ന്മാർക്കും ശ്ലീഹന്മാർക്കും നൽസഹദേന്മാർക്കും
സഭയിൻ മക്കൾക്കൊ-ക്കെയ്ക്കും കാലംതോറും
എന്നേക്കും നല്ലോരോർമ്മയതുണ്ടാകട്ടെ.
ബാറെക്മോർ.....
ശുബഹോ.....

തിരുവുള്ളത്താൽ കന്യകയാം മറിയാമ്മിന്നുൾ
ജാതനതായ് ജാതി-ക്കാരെ വഴിനേരാക്കി
രക്ഷിച്ചവൾ തന്നോർ-മ്മയ്ക്കൗന്നത്യം ചേർത്ത
സുതനായ് സ്തോത്രം പ്രാർ-ത്ഥിക്കട്ടവൾ ഞങ്ങൾക്കായ്

## *കുക്കിലിയോൻ*

നയവാൻ പനപോലെ തളിർത്തിടുമേ ഹാ-ഹാ
വളരുമവൻ ലബാനോന്റെ കാരകിൽപോൽ

വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ ഹാ-ഹാ-

വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും-ബാറെക്മോർ

ശുബഹോ-മെനഗാലം

ഒരുപോലിങ്ങും........................

........................സ്ലൗമൻകാലോസ് കുറിയേലായിസോൻ

പ്രാർത്ഥനയിൻ സമയമിതല്ലോ........

ബാറെക്മോർ-ശുബഹോ

നിന്നെ വരിച്ചൊരു താതന്നും........

## *കുക്കിലിയോൻ*

മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ ഹാ-ഹാ

.........................................................................

ബാറെക്കുമോർ, ശുബഹോ-മെനഗാലം....

ശരണത്താലെ നിൻകൃപയിൽ..........

.....................................................................

സ്ലൗമൻകാലോസ് കുറിയേലായിസോൻ

രക്ഷകനെ നിൻഗാത്രത്തെ ഭക്ഷിച്ചും നിൻ

...................................................................

ബാറെക്മോർ-ശുബഹോ...

മൃതരെ ജീവിപ്പിപ്പാനായ്......

മൊറിയോറാഹേം......

(മാർ അപ്രേമിൻെറ ബോവൂസൊ)

കർത്താവേ! കൃപ ചെയ്യണമേ
മാതൃവിശുദ്ധപ്രാർത്ഥനയാൽ
നിൻമാതാവും കാദീശ-ൻ
മാരും ചെയ്യും യാചിപ്പാൻ

മറിയാമിന്നായ് ശ്ലോമ്മോ വ-
ന്നറിയിച്ചോരാ മാലാഖാ
ദൈവം യോജിപ്പായെന്നായ്
വന്നറിവിങ്ങേകീടേണം.

പനിനീർ ഹാനനിയാദ്യർമേൽ
വീഴ്ത്തിയൊരാമാലാഖാ താൻ
മൃതർ തന്നസ്ഥിക്കൂട്ടത്തിൽ
കൃപയാം നീർ വീഴ്ത്തീടേണം

കൃപചെയ്യണമെ കർത്താവേ!
മാതൃവിശുദ്ധാഭ്യർത്ഥനയാൽ
പുണ്യം ഞങ്ങൾക്കും വാങ്ങി
പ്പോയോർക്കും നൽകീടേണം

## *തുടർന്ന് ജനനപ്പെരുന്നാളിലെ*

## *സ്ലീബാ ആഘോഷം*

*(പട്ടക്കാരും ശെമ്മാശൻമാരും അംശവസ്ത്രങ്ങൾ ധരിച്ച് എല്ലാവരും മെഴുകുതിരികളും കത്തിച്ച് പിടിച്ച്, സ്ലീബാ, ഏവൻഗേലിയോൻ, കുട, കൊടി, ആദിയായവയും എടുത്തുകൊണ്ട് പള്ളിയുടെ വടക്കേ വാതിൽവഴി പുറപ്പെട്ട് തീജ്വാലക്കുഴിയുടെ സ്ഥാനത്തേക്ക് താഴെ കാണുന്ന ഗീതം ചൊല്ലിക്കൊണ്ട് പോകുന്നു. അവിടെ എത്തി കുഴിയുടെ പടിഞ്ഞാറുവശത്ത് കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട്*

*പൌലോസ് ശ്ലീഹാ എന്നുള്ള ഗീതം ചൊല്ലിയശേഷം കുഴിയുടെ തെക്കുകിഴക്ക് ഭാഗത്തു നിന്നുകൊണ്ട് ശ്ലീഹാ വായിക്കുകയും ചെയ്യുന്നു. 'അവർ ഇപ്രകാരം പറഞ്ഞ് ദൈവത്തെ സ്തുതിച്ചു' എന്നുള്ളിടത്ത് ഏവൻഗേലിയോൻ വായന നിറുത്തിയിട്ട് ആ സ്തുതിപ്പ് എല്ലാവരുംകൂടി ചൊല്ലുകയും അപ്പോൾ പട്ടക്കാർ തീ കൊളുത്തുകയും ചെയ്യുന്നു. അനന്തരം മാലാഖമാരുടെ സ്തുതിപ്പ് മുഴുവനും എല്ലാവരും കൂടി ചൊല്ലിക്കൊണ്ട് തീജ്വാലയ്ക്ക് മൂന്നു പ്രാവശ്യം പ്രദക്ഷിണം വയ്ക്കുന്നു. പിന്നീട് ഏവൻഗേലിയോൻ വായിച്ചു നിറുത്തിയ സ്ഥാനംമുതൽ വീണ്ടും ആരംഭിച്ച് അവസാനംവരെ വായിച്ചശേഷം തുടർന്ന് ഞങ്ങളുടെ കർത്താവായ യേശുമിശിഹാ എന്നുള്ളതും ഒരു കൗമായും ചൊല്ലിയിട്ട് പള്ളിക്ക് ചുറ്റും പ്രദക്ഷിണം നടത്തുന്നു. പ്രദക്ഷിണം കഴിഞ്ഞ് തെക്കേവാതിൽവഴി അകത്തു പ്രവേശിച്ച് ബീമായിലോ മദ്ബഹായിലോ നിന്നുകൊണ്ട് സ്ലീബാ ആഘോഷം നടത്തുന്നു)*

(ലത്ത്.ഹൂമൊദ് ഹൈമോനൂസൊ)

ഈശനുമീ-മർത്യൻമാ-ർക്കും
മദ്ധ്യമനാ-കും-വചനേ-ശൻ
തന്നെപ്പെററോൾ കന്യകയാ-ശ്ച-ര്യം!

ജ്വാലയണി-ഞ്ഞോൻ തനുവേ-ന്തി
ഞങ്ങളെ സം-രക്ഷിപ്പാ-നായ്
മാനവരൂപം പൂണ്ടാനാ-ശ്ച-ര്യം

ഒമ്പതുമാ-സം ചെന്ന-പ്പോൾ
ജനനീ മു-ദ്രയ്ക്കേതും കേടെന്യേ
വെളിയിൽ വന്നാനാ-ശ്ച-ര്യം

മുപ്പതുവ-ത്സരമിപ്പാ-രിൽ
വാണെങ്ങൾ-ക്കായ് പാടേററു
മനസാ മരണം പൂണ്ടാ-നാ-ശ്ച-ര്യം.

മൂന്നു ദിനം-കബറിൽ മേ-വീ-
ട്ടുത്ഥിതനായ് സ്വർഗ്ഗാരോ-ഹം
ഹാലേലുയ്യാ ചെയ്താനാ-ശ്ച-ര്യം.

ദാവീദിൻ-ഗീതംപോ-ലെ
കാലാതീ-തം താത-നിൽനി-
ന്നുളവായോനാം സുതനാം മ-ശിഹാ-യെ

തിരുവുള്ള-ത്താൽ ദാവീ-ദിൻ
നന്ദനയാ-യ് വിമലതയോലും
കന്യക കാലത്തികവിൽ പ്ര-സവി-ച്ചു.

നമ്മുടെ-രക്ഷയ്ക്കായ് വ-ന്നോൻ
മശിഹായാം-നാഥൻ നൂനം
ഏകപ്രകൃതി ഏകൻ സുത-നേ-കൻ.

താതന്നും-മറിയാമിന്നും
ഏകസുതൻ പൂർവ്വജനന്ത്യൻ
മേലൊരുനാളും ഭേദം കൂ-ടാ-ത്തോൻ.

ഭാവവുമാ-ളും രണ്ടുണ്ടെ-
ന്നൊതീടുന്നോൻ ശാപാർഹൻ
ഹാലേലുയ്യാ നരകമവൻ-നേ-ടും.

ബാറെക്മോർ-ശുബഹൊ........

ഭാഗ്യവതീ! എന്നൊടു ചൊ-ൽക
എവ്വളവാദരവോടേററു
പാരും വാനും നിറയുന്നോ-നേ-നീ.

കാതതിലൂ-ടൊളിവായേ-റി
നിശ്ചലമായുദരേ വാണാൻ
തിരുഹിതമായ് തൻ ബലമെന്നെ-താ-ങ്ങി
മുട്ടിൻമേ-ൽ ഞാൻ നിലകൊ-ണ്ടു
ലോകപുരാതനനെപ്പെററോൾ
ഹാലേലുയ്യാ രക്ഷിച്ചാ-ൻ ലോ-കം.

മെനഓാലം...

പ്രവചനമാം-ദൃഷ്ടാന്ത-ങ്ങൾ
ഉപമകളും സാർത്ഥകമായി
നൃപദാവീദിൻ മകളാം മ-റിയാ-മിൽ
പുരുഷബ-ന്ധം തീണ്ടാ-തെ
പൂർവ്വികനെക്കന്യക പെററു
ഗരുഢേശ്വരനേ പ്രാക്കിളിതാൻ പോററി.
നിജബലിയാ-ൽ പാപംനീ-ക്കി
പാഴ്ബലിയീന്നുലകിനെ വീണ്ടോ-
രജപോതത്തെ പെണ്ണാടും-പെ-ററു.
താതനിൽ നി-ന്നാഗതനാ-യി
ദാവീദിൻ-സുതയിൽ ജാതം
ചെയ്തുലകത്തെ രക്ഷിച്ചോൻ- ധ-ന്യൻ.

വായന

എബ്രായ 1: 1-12

പെത്ഗോമൊ

ഹാലേ...ഉഹാ...നാഥൻ ചൊന്നെന്നോടെൻ തനയൻ നീ-
ഇന്നാൾ നിന്നെയുൽപ്പാദിപ്പിച്ചോൻ-ഹാലേ....

## *ഏവൻഗേലിയോൻ*

### ലൂക്കോസ് 2: 1-20

എന്നാൽ അക്കാലത്ത് ആഗുസ്തോസ് കേസറിൽനിന്ന്, തൻെറ ആധിപത്യത്തിൽപ്പെട്ട ജനങ്ങളെല്ലാം പേർവഴി ചാർത്തപ്പെടണമെന്ന് ഒരു കല്പനയുണ്ടായി. കൂറിനോസ് സൂറിയായിൽ നാടുവാഴിയായിരിക്കുമ്പോൾ ഇതു ആദ്യത്തെ പേർവഴി ചാർത്തലായിരുന്നു. സ്വന്തപട്ടണത്തിൽ വച്ച് പേർവഴി ചാർത്തപ്പെടുവാനായിട്ട് എല്ലാവരും പോയി ക്കൊണ്ടിരുന്നു. യൌസേപ്പും ദാവീദിൻെറ ഗോത്രത്തിലും കുടുംബത്തിലും ഉൾപ്പെട്ടവനായിരുന്നതുകൊണ്ട് യീഹുദിൽ ദാവീദിൻെറ ബേതലഹേം എന്നു വിളിക്കപ്പെടുന്ന പട്ടണത്തിലേക്ക്; ഗലീലായിലെ നൊസ്രാതു പട്ടണത്തിൽ നിന്ന് തനിക്ക് വിവാഹത്തിനു നിശ്ചയിക്കപ്പെട്ടിരുന്ന ഗർഭിണിയായ മറിയാമിനോടുകൂടെ—പേർവഴി ചാർത്ത പ്പെടുവാനായിട്ട—പോയി. അവർ അവിടെ പാർക്കുമ്പോൾ അവൾക്ക് പ്രസവകാലം വന്നു. അപ്പോൾ അവൾ തൻെറ ആദ്യപുത്രനെ പ്രസവിക്കുകയും അവർ പാർത്തിരുന്നിടത്ത് സ്ഥലമില്ലാതിരുന്നതുകൊണ്ട് കുട്ടിയെ വസ്ത്രങ്ങൾ പുതപ്പിച്ച് ഒരു പുൽക്കൂട്ടിൽ കിടത്തുകയും ചെയ്തു. അവർ പാർത്തിരുന്ന സ്ഥലത്ത് രാത്രിയാമങ്ങളിൽ തങ്ങളുടെ ആട്ടിൻകൂട്ടങ്ങളെ കാത്തുകൊണ്ടിരുന്ന ആട്ടിടയൻമാർ ഉണ്ടായിരുന്നു. ദൈവത്തിൻെറ മാലാഖാ അപ്പോൾ അവരുടെ അടുക്കൽചെന്നു. കർത്താവിൻെറ തേജസ്സ് അവരുടെമേൽ ശോഭിച്ചു. അവർ വളരെ ഭയപ്പെടുകയും ചെയ്തു. മാലാഖാ അവരോട് "നിങ്ങൾ ഭയപ്പെടേണ്ടാ. സർവ്വലോകത്തിനും ഉണ്ടാകുവാനുള്ള ഒരു മഹാസന്തോഷം

ന്താൻ നിങ്ങളെ അറിയിക്കുന്നു. മിശിഹാ കർത്താവ് എന്ന രക്ഷിതാവ് നിങ്ങൾക്കായി ഇന്ന് ദാവീദിൻെറ പട്ടണത്തിൽ ജനിച്ചിരിക്കുന്നു. ഇതു നിങ്ങൾക്കടയാളം. വസ്ത്രങ്ങൾ പുതപ്പിച്ച് ഒരു പുൽക്കൂട്ടിൽ കിടത്തിയിരിക്കുന്ന ശിശുവിനെ നിങ്ങൾ കാണും". പെട്ടെന്ന് ആ മാലാഖായോടുകൂടി അനേകം സ്വർഗ്ഗസേനകൾ പ്രത്യക്ഷമായി. അവർ ഇപ്രകാരം പറഞ്ഞ് ദൈവത്തെ സ്തുതിച്ചു.

ഉളവാക! സ്തുതി ദൈവത്തിനു വാനിൽ

ധരണിയതിൽ ശാന്തി

നല്ലൊരു ശരണം നരലോകർക്കും.

ܫܘܒܚܐ ܠܐܠܗܐ ܒܡܪ̈ܘܡܐ.

ܘܥܠ ܐܪܥܐ ܫܠܡܐ. ܘܣܒܪܐ

ܛܒܐ ܠܒܢܝ̈ܢܫܐ ❖

*(തുടർന്ന് മാലാഖമാരുടെ സ്തുതിപ്പ് പേജ് മുഴുവനും ചൊല്ലിയശേഷം വീണ്ടും)*

മാലാഖമാർ അവരെ വിട്ട് സ്വർഗ്ഗത്തിലേയ്ക്കു പോയശേഷം ആട്ടിടയൻമാർ "നമുക്ക് ബേതലഹേംവരെ ചെന്ന് കർത്താവ് നമ്മോടറിയിച്ച പ്രകാരം ഉണ്ടായ ആ സംഗതി കാണാം" എന്നു പറഞ്ഞു. അവർ ധൃതഗതിയിൽ ചെന്ന് മറിയാമിനെയും യൌസേപ്പിനെയും പുൽക്കൂട്ടിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. കണ്ടതിനുശേഷം അവർ ആ ശിശുവിനെക്കുറിച്ച്—തങ്ങളോടു പറയപ്പെട്ട സംഗതി—പ്രസിദ്ധമാക്കി. കേട്ടവരെല്ലാവരും ആട്ടിടയൻമാർ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് അത്ഭുതപ്പെട്ടു. മറിയാമാകട്ടെ ഈ

വാർത്തകളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് നിരൂപിച്ചുകൊണ്ടിരിക്കയായിരുന്നു. തങ്ങളോട് പറയപ്പെട്ടപ്രകാരം സകലതും കാണുകയും കേൾക്കുകയും ചെയ്ത ആട്ടിടയൻമാർ—തന്നിമിത്തം—ദൈവത്തെ സ്തുതിച്ചും പുകഴ്ത്തിയും കൊണ്ട് മടങ്ങിപ്പോയി.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ...ഇത്യാദി.

(തുടർന്ന് പള്ളിക്കു ചുററുമുള്ള പ്രദക്ഷിണം.)

(മാനീസൊ)

ബേതലഹേം വഴി പോകുമ്പോൾ-
ഞാനൊരു പെൺമണിയെ കണ്ടു.

കന്യകയവളോ സ്തന്യവതി
ഏന്തുന്നവളൊരു പൈതലിനെ.

കന്യകയാണവൾ മാതാവാ-
ണീശകൃപാവര സമ്പൂർണ്ണ.

മാനസ ധീരത നൽകിക്കൊ-
ണ്ടോതിമഹാത്ഭുതമെന്നോടായ്.

വത്സലനെത്താലോലിക്കും
ദാവീദാത്മജ മറിയാമിൻ.

സ്നേഹമനോഹരമാം നാദം
നുകരാം തെല്ലിട കഴിയുമ്പോൾ.

സൂനു രഹസ്യപരമ്പരയാൽ
രൂപീകൃതയാം കന്യകയെ.

കാൺമാനേശായാ നിബിയേ
ആഗതനാവുക സാമോദം.

കാൺക കിടക്കുന്നമ്മനുവേൽ
അപ്പെൺകൊടിയുടെ തിരുമടിയിൽ

സ്തന്യമവൻ പാനം ചെയ്യു-
ന്നത്ഭുതമൊരു പൈതലിനെപ്പോൽ.
അവനെ വന്നു നിരീക്ഷിച്ചി-
ട്ടാമോദത്തൊടു വാഴ്ത്തിടുക.
നിന്നൊടു ചേർന്നാനന്ദിപ്പാൻ
ദർശകരെ ചെയ്കാഹ്വാനം.
അവനാഗതനായ് നിറവേററി
ദർശകരുടെ ദൃഷ്ടാന്തങ്ങൾ

(ഹൊക്ത്തീലുബ്മെസറേൻ)

മാനവ വ-ത്സലനേ! പുരുഷാന്തരമായ്
അണയുംതേ-ദിവസം തവ സ-ന്നിഭമാം
നിൻപ്രഥമം-ജനനം നാഥാ!-ധന്യം
അതിനാലീ-പ്പെരുന്നാളനിശം-കാമ്യം.
നിൻനാൾ ഞ-ങ്ങളിൽനിന്നും പിൻ-വാങ്ങി
സന്ദർശിച്ചീടു-ന്നൻപാൽ വീണ്ടും.
ഈ ദിവസം-മനുജന്നപരി-ത്യാജ്യം
ഈ ദിവസം-വരവിൽ തവസ-ന്നിഭമാം.
നിശനീളും-ധനുവാംമാസം-തന്നിൽ
അതിരില്ലാ-പ്പകലങ്ങുദയം-ചെയ്യു.
സൃഷ്ടികൾ മാഴ്കീടും മഴതൻ-നാളിൽ
ആഹ്ളാദ-പ്രദമാം പ്രഭയാ-ഗതമായ്
ഇടയൻമാ-രല്ലാതാരാണോർത്താൽ
ആട്ടിൻകു-ട്ടികളെയാദ്യം-കാൺമോർ.
സാക്ഷാൽ കുഞ്ഞാടിൻ ജനിയിൽ-ദൂതും
ആട്ടിടയ-ർക്കരികിൽ വിരവോ-ടെത്തി.

രാജാക്ക-ൻമാർ തൻ കാലം-പാഞ്ഞു
പെരുന്നാളിൻ-സ്മൃതിയും പാടെ മാഞ്ഞു.

പോയ് വരുമീ നരർതൻ നിരയിൽ-നാഥാ
നിൻനാളിൽ-കോയ്മയ്ക്കുപമാനം നീ.

പാപികൾ മേ-ലിന്നാളൻപുണ്ടായി
ഞങ്ങൾതൻ-ബഹുവാം കടവും നീങ്ങി.

നാഥാനിൻ-വലുതാം ദിവസം ഞങ്ങൾ
ലഘുവാക്കീടരുതേ, പിഴമാ-യിക്ക.

മൌനമെഴും-ശിശുവെ മറിയാമേ-ന്തി
അവനിലഹോ-ലീനം ഭാഷാ-നിവഹം.

സൃഷ്ടിയതിൻ-ബലമങ്ങവനിൽ-ഗൂഢം
വാഴുമ്പോ-ളവനെയൌസേ-പ്പേന്തി

നിന്നുടെവൻ-ദിനമാം നിധിയിൽ-നിന്നും
സകലദിന-ങ്ങളുമുൽഗതിയാർജ്ജിച്ചു.

ഇപ്പെരുനാ-ളിയലും നിക്ഷേപത്താൽ
സകല പെരു-ന്നാളും ശ്രീയാർജ്ജിച്ചു.

പാതകിയെ-ത്തേടി കൃപ വ-ന്നിന്നാൾ
നാളെല്ലാ-റ്റിലുമീ നാളുൽ-കൃഷ്ടം.

ഈ ദിവസം-രക്ഷാപാനം-പേറും
മുന്തിരിതൻ-നവമാം കനിയിൻ-കുലയാം

വിത്തുവിത-ച്ചിടും ധനുമാസത്തിൽ
ഉദരത്തീ-ന്നുയിരിൻ കതിരും-വീശി.

# സ്ലീബാആഘോഷം

## *കിഴക്കുവശത്തേയ്ക്ക്*

### പ്രാർത്ഥന

ദൈവമായ കർത്താവേ! കന്യകമറിയാമിൽനിന്നുള്ള നിൻെറ ജനനദിവസത്തെ ബഹുമാനിക്കുവാനും നിൻെറ ജനനത്തിൻെറ മാതൃകയെ ഞങ്ങളുടെ ഉള്ളിൽ ആഘോഷിക്കുവാനും ജീവപ്രദമായ നിൻെറ സ്ലീബായെ പുകഴ്ത്തുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിനക്ക് പ്രീതികരമായ സൽപ്രവൃത്തികളാൽ എപ്പോഴും ഞങ്ങളെ ആത്മീയമായി ജനിപ്പിക്കുമാറാകണമെ. ഞങ്ങളെ സകല ഉപദ്രവങ്ങളിൽനിന്നും നിൻെറ സ്ലീബായുടെ പാർശ്വങ്ങളിൽ സംരക്ഷിച്ചുകൊള്ളുകയും ചെയ്യണമെ.

മോറാൻ.......

(എക്ക്ബൊ)

ബേതലഹേമിലെ ഗുഹതന്നിൽ
ജാതംചെയ്താൻ സകലേശൻ
തൻമാനത്തിന്നാഗതരായ്
പ്രാചിയിൽനിന്നും പ്രാജ്ഞൻമാർ.
കർത്താവിനെ വിശ്വാസികളേ!
സ്തോത്രസമേതം വാഴ്ത്തിടുവിൻ.

(മസ്അക്കോനൂസൊ)

ബേതലഹേമിൽ ദൈവസുതൻ
ജാതം ചെയ്താനീ ദിവസം.
നിബിയൻമാർ മുൻ ചൊല്ലിയതാം
വചനം നിഖിലം മുദ്രിതമായ്

തിരുജനനത്തെ മാനിച്ചാ-
സ്ലീബായെ കൂപ്പുന്നെങ്ങൾ
പ്രാർത്ഥനയോടധുനാ ഞങ്ങൾ
ഘോഷമോടിങ്ങനെ പാടീടും.

കുറിയേ...കുറിയേ...കുറിയേ...

## *പടിഞ്ഞാറുവശത്തേയ്ക്ക്*

### പ്രാർത്ഥന

അവിവാഹിതയും നിത്യകന്യകയും ആയവളിൽനിന്ന് ഏകനായി ജനിച്ച ഏകസുതനായുള്ളോവെ! നിന്റെ പ്രകാശം ഞങ്ങളുടെ ഉള്ളിൽ ഉദിപ്പിക്കണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം, മനുഷ്യരിൽ സംപ്രീതി എന്ന് മാലാഖമാരോടു കൂടെ അട്ടഹസിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

മോറാൻവാലോഹാൻ.......

(എക്ക്ബൊ)

സുന്ദരിയാം കന്നിയിൽനിന്നും
ന്യൂനതയെന്നിയെ തനുവേററാൻ
വാനിൽ താതൻതൻ മടിയിൽ
ന്യൂനതയെന്നിയെ നിവസിച്ചാൻ
സ്തുതിയാൽ മേൻമേൽ നമ്മൾക്കാ-
ങ്ങവനേ വാഴ്ത്തിപ്പാടീടാം.

(മസ്അക്കോനൂസൊ)

ബേതലഹേമിലെ ഗുഹതന്നിൽ
പാലകനുളവായെന്നേവം
ഈ ദിവസത്തിൽ ദൂതൻമാ-
രജപാലൻമാർക്കറിവേകി.
ജാതികളപ്പെരുന്നാൾ ഘോഷി-
ച്ചാസ്ലീബായെ കൂപ്പുന്നു.

കുറിയേ...കുറിയേ....കുറിയേ...

# *വടക്കുവശത്തേയ്ക്ക്*

## പ്രാർത്ഥന

മിശിഹാതമ്പുരാനേ! നിന്റെ ജനനത്താൽ മേലുള്ളവർക്കു സന്തോഷവും ആനന്ദവും ഉണ്ടായി, ഭൗമികർക്ക് നിരപ്പും സമാധാനവും പ്രത്യാശയും നൽകപ്പെട്ടു. പിതാവിനും ആദാമിനും ഇടയിൽ സ്ഥിതിചെയ്തിരുന്ന കോപം നീക്കപ്പെടുകയും ചെയ്തു. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! നിന്റെ പെരുന്നാളിൽ സന്തോഷിക്കുവാനും കോപത്തിൽനിന്ന് സ്വതന്ത്രരായിത്തീരുവാനും ഞങ്ങൾക്ക് കൃപ നൽകണമേ. മോറാൻവാലോ......

(എക്ക്ബൊ)

ദൈവത്തിൻ മാതാവേ! നിൻ
നായകനാം കർത്താവിൽ നിൻ
ഉൾത്തടമഭിമാനം കൊൾവൂ
മാനസമാനന്ദിക്കുന്നു.
നിന്നിൽനിന്നു ശരീരത്തെ
പൂണ്ടവനാം വചനം ദൈവം
തിരുജനനത്തിനു പിമ്പിഹ നിൻ
കന്യാത്വത്തെ രക്ഷിച്ചു

(മസ്അക്കോനൂസൊ)

ഇന്നൊരു ശിശു ജാതംചെയ്തു
വിസ്മയമെന്നതിനഭിധാനം
സ്വയമേ ദൈവം ശിശുവേപ്പോൽ
തെളിവായതു വിസ്മയമല്ലോ.
അവനേയും രക്ഷാകരമാം
കുരിശിനെയും കൂപ്പുന്നുലകം
പ്രാർത്ഥനയോടധുനാ ഞങ്ങൾ
ഘോഷമോടിങ്ങനെ പാടീടും.

കുറിയേ...കുറിയേ...കുറിയേ....

## *തെക്കുവശത്തേയ്ക്ക്*

### പ്രാർത്ഥന

തിരുവിഷ്ടത്തോടെ ജനനത്തിനായി വരുകയും തൻെറ ജനനത്താൽ കന്യകയായ മാതാവിൻെറ മുദ്രകൾക്കോ കന്യാത്വത്തിനോ അഴിവുവരുത്താതിരിക്കുകയും ചെയ്തവനും അനാദ്യന്തപിതാവിൻെറ പുത്രനും വചനവും ആയുള്ളോവേ! സംശയരഹിതമായി നീ ദൈവംതന്നെയാകുന്നു എന്ന് നിന്നെക്കുറിച്ച് ഗ്രഹിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! നിന്നിൽനിന്നുള്ള നിരപ്പും സമാധാനവും സകലവിധമായ അപകടങ്ങളിൽനിന്നുമുള്ള സംരക്ഷണവും ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ. മോറാൻ......

(എക്ക്ബൊ)

ഈ ദിനമാത്മജ ജനനത്തിൽ
ഭൂവിൽ ശാന്തിയതും വാനിൽ
സ്തുതിപരനും നരലോകർക്ക്
ശരണവുമറിയിച്ചീറേൻമാർ.

(മസ്അക്കോനൂസൊ)

ഈശാ നാഥാ! സ്ലീബാ നിൻ
ജനനീ പ്രാർത്ഥനയെന്നിവയാൽ
മായിച്ചീടുക ഞങ്ങളിൽ നി-
ന്നുൾകോപത്തിൻ പ്രഹരങ്ങൾ.
ദിശയെങ്ങും നിൻ ശാന്തിയതും
ശമവും നിവസിപ്പിക്കേണം
പ്രാർത്ഥനയോടധുനാ ഞങ്ങൾ
ഘോഷമൊടിങ്ങനെ പാടീടും.

കുറിയേ...കുറിയേ...കുറിയേ...

## *തെക്കുവശത്തേയ്ക്ക്*

### പ്രാർത്ഥന

തിരുവിഷ്ടത്തോടെ ജനനത്തിനായി വരുകയും തൻെറ ജനനത്താൽ കന്യകയായ മാതാവിൻെറ മുദ്രകൾക്കോ കന്യാത്വത്തിനോ അഴിവുവരുത്താതിരിക്കുകയും ചെയ്യുവനും അനാദ്യന്തപിതാവിൻെറ പുത്രനും വചനവും ആയുള്ളോവേ! സംശയരഹിതമായി നീ ദൈവംതന്നെയാകുന്നു എന്ന് നിന്നെക്കുറിച്ച് ഗ്രഹിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! നിന്നിൽനിന്നുള്ള നിരപ്പും സമാധാനവും സകലവിധമായ അപകടങ്ങളിൽനിന്നുമുള്ള സംരക്ഷണവും ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ. മോറാൻ......

(എക്ക്ബൊ)

ഈ ദിനമാത്മജ ജനനത്തിൽ
ഭൂവിൽ ശാന്തിയതും വാനിൽ
സ്തുതിപരനും നരലോകർക്ക്
ശരണവുമറിയിച്ചീറേൻമാർ.

(മസ്അക്കോനൂസൊ)

ഈശാ നാഥാ! സ്ലീബാ നിൻ
ജനനീ പ്രാർത്ഥനയെന്നിവയാൽ
മായിച്ചീടുക ഞങ്ങളിൽ നി-
ന്നുൾകോപത്തിൻ പ്രഹരങ്ങൾ.
ദിശയെങ്ങും നിൻ ശാന്തിയതും
ശമവും നിവസിപ്പിക്കേണം
പ്രാർത്ഥനയോടധുനാ ഞങ്ങൾ
ഘോഷമൊടിങ്ങനെ പാടീടും.

കുറിയേ...കുറിയേ...കുറിയേ...

## ഹൗദ് മാലാഖേ

### *കിഴക്കുവശത്തേയ്ക്ക്*

പട്ടക്കാരൻ:- ദൂതൻമാർ സേ-വിപ്പോനേ!

ജനം:- ഈശാ! നീ പരിശുദ്ധൻ.

പട്ട:- ക്രോബേൻമാർ വാഴ്ത്തുന്നോനേ!

ജനം:- ശക്താ! നീ പരിശുദ്ധൻ

പട്ട:- സ്രാപ്പികൾ കാദീ-ശാർപ്പോനേ!

ജനം:- മൃതിഹീനാ! നീ പരിശുദ്ധൻ.

പട്ട:- പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു.
ഞങ്ങൾക്കായ് ജാതം ചെയ്തോനേ! കൃപചെ-യ്യേണം.

### *പടിഞ്ഞാറു വശത്തേയ്ക്ക്*

തീമയർ ഹാലൽ-ചൊൽവോനേ!
ഈശാ! നീ പരിശുദ്ധൻ.
ആത്മീയർ ശ്ലാഘിപ്പോനേ!
ശക്താ! നീ പരിശുദ്ധൻ
മൺമയരാഘോ-ഷിപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ.
വിശ്വാസിനിയാം തിരുസഭതൻ-സുതരർത്ഥിക്കുന്നു.
ഞങ്ങൾക്കായ് ജാതം ചെയ്തോനേ! കൃപചെ-യ്യേണം.

### *വടക്കുവശത്തേയ്ക്ക്*

മേലുള്ളോർ മാ-നിപ്പോനേ!
ഈശാ! നീ പരിശുദ്ധൻ.
മദ്ധ്യമർ കീർത്തി-ക്കുന്നോനേ!
ശക്താ! നീ പരിശുദ്ധൻ.
കീഴുള്ളോർ കൂ-പ്പുന്നോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ.
പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു
ഞങ്ങൾക്കായ് ജാതം ചെയ്തോനേ കൃപചെ-യ്യേണം.

## *തെക്കുവശത്തേയ്ക്ക്*

നാഥാ! കൃപചെയ്തീടേണം

നാഥാ! കൃപചെയ്യുക കനിവാൽ

നാഥാ! കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപ ചെയ്തീടേണം.

ദേവേശ! തേ സ്തോത്രം

സൃഷ്ടാവേ! തേ സ്തോത്രം

പാപികളാം ദാസരിലലിയും മിശിഹാ

രാജാവേ! സ്തോത്രം. ബാറെക്.........

പട്ടക്കാരൻ:- സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!......

## പ്രഭാതം

### *പ്രാരംഭപ്രാർത്ഥന*

സ്വജാതികളെയും വിജാതികളെയും രക്ഷിക്കുവാൻ വേണ്ടി ഒരു സാധാരണനെപ്പോലെ കന്യകയിൽ വസിക്കുകയും പെൺകുട്ടിയിൽ വ്യർത്ഥമായി ശരീരം ധരിക്കുകയും ഒരു ദരിദ്രനെപ്പോലെ ഗുഹയിൽ ജനിക്കുകയും ചെയ്ത മഹിമയുള്ള രാജാവായ കർത്താവേ! ഇപ്പോൾ നീ അത്ഭുതകരമായി വസിച്ച ആ കന്യകയോടു കൂടെയും നിൻെറ ജനനത്താൽ ശാന്തമായി നിന്നെ സ്പർശിച്ച ഭൂമിയോടു കൂടെയും സന്തോഷസമേതം നിനക്കുവേണ്ടി വാഞ്ഛിച്ച ഇടയൻമാരോടു കൂടെയും ആനന്ദസമേതം നിന്നെ വന്ദിച്ച മ്ഗൂശൻമാരോടുകൂടെയും മഹത്ത്വത്തോടെ നിന്നെ സ്തുതിച്ച സ്വർഗ്ഗത്തോടു കൂടെയും നിനക്കും നിൻെറ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഹോശോ......

## *51-ാം മസുമൂറാ*

ദൈവമേ! നിൻെറ കൃപയിൻ പ്രകാരം....ഇത്യാദി

പേജ് 4

(മാലാഖൊദ്നുഹറൊ)

ദ്യുതിസന്തോഷമയൻ മാലാഖാ-
ദർശനമിടയർക്കേകിച്ചൊ-ന്നാൻ
യീഹൂദ്യായിൻ ബേതലഹേമിൽ
രക്ഷകനുളവായെന്നേവം
സന്തോഷമെഴും സ-ന്ദേശം.

വാനോരീറയരിന്നിപ്പാരിൽ
ശമവും ശാന്തിയുമറിയിച്ചേ-വം
നന്ദനജനനത്തിൻ ദിവസത്തിൽ
സ്തുതി ദൈവത്തിനു വാനത്തിൽ
മർത്യന്നുത്തമ സ-ങ്കേതം.

വന്നിടയൻമാർ ഗുഹയിൽ പൂകി-
യൌസേപ്പിനെയും കന്യകയാ-കും
മറിയാമൊടു ശിശുവിനെയും കണ്ടു.
കാഴ്ചകളർപ്പിച്ചാമോദം
പിൻവാങ്ങി-പ്പോ-യി.

ബാറെക്മോർ-ശുബഹൊ-മെനഓലം.

ജനനത്താൽ വിൺമൺ ലോകർക്കായ്-
ശാന്തികൊടുത്തൊരു പൈതൽ ത-ന്നെ
സ്വർഗ്ഗീയഗണം കാഹളമൂതി
സ്തുതിപാടി സ്തോത്രം ചെയ്തു
അവനും പ്രേഷകനും-സ്തു-ത്യൻ

കുറിയേലായിസോൻ

## *63-ാം സങ്കീർത്തനം*

എൻെറ ദൈവമേ! നീ എൻെറ ദൈവമാകുന്നു. ഞാൻ നിനക്കുവേണ്ടി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എൻെറ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു. എൻെറ ജഡവും നിനക്കായി കാത്തിരിക്കുന്നു.

ഇപ്രകാരം നിൻെറ ബലത്തെയും നിൻെറ ബഹുമാനത്തെയും കാൺമാൻ സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എൻെറ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും നിൻെറ നാമത്തിൽ ഞാൻ എൻെറ കൈകളെ ഉയർത്തുകയും ചെയ്യും.

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്നപോലെ പുഷ്ടി പ്രാപിക്കും. എൻെറ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എൻെറ കിടക്കയിൻമേൽ ഞാൻ നിന്നെ ഓർത്തു. രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായിയായിത്തീർന്നു. നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു. നിൻെറ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ അധോഭാഗങ്ങളിലേയ്ക്ക് പ്രവേശിക്കും.

അവർ വാളിനു വിധേയമാക്കപ്പെടുകയും കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും.

അവൻെറ നാമത്തിൽ ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

(കാദീശൊദ്ശറിശ് കിൻത്തൊ)

വിസ്മയമയനായ് സൃഷ്ടികളിൽ
വിക്രമിയെക്കന്യക പെററു
ഇടയൻമാരും ജ്ഞാനികളും
കാഴ്ചകളവനായർപ്പിച്ചു.

അരചൻ മശിഹാ ബേതലഹേം
ഗുഹയിൽ സംജാതം ചെയ്തു.
ദൂതരുമാട്ടിടയൻമാരും
വിജ്ഞരുമർപ്പിപ്പാനെത്തി.

ആമോസ് തനയൻ തേജസ്വി
ഏശായാ മുൻ ചൊന്നതുപോൽ
ലോകപരാക്രമിയീ ദിവസം
ശിശുവായ് സംജാതം ചെയ്തു.

ബാറെക്മോർ-ശുബഹൊ-മെനഓലം....

കുറാലടിയാർ തൻ ചാര-
ത്തവരോഹം ചെയ്തോൻ നാഥാ!
ഞങ്ങളെയൻപാൽ സന്ദർശി-
ച്ചേകണമാത്മീയം സൌഖ്യം

കുറിയേലായിസോൻ

## 19-ാം സങ്കീർത്തനം

ആകാശങ്ങൾ ദൈവത്തിൻെറ മഹത്ത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവൻെറ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു; രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല; വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂലോകത്തിൻെറ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യൻെറമേൽ അവൻെറ കൂടാരം അടിച്ചു; അതു തൻെറ മണവറയിൽനിന്നു പുറപ്പെടുന്ന മണവാളൻ എന്നപോലെ ആകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തൻെറ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിൻെറ അററങ്ങളിൽനിന്ന് അതിൻെറ പുറപ്പാടും, ആകാശത്തിൻെറ അറുതികളിൻമേൽ അതിൻെറ താങ്ങലും ആകുന്നു. അതിൻെറ ആവിയിൽനിന്ന് മറവായിരിക്കുന്നത് (ഒന്നും) ഇല്ല.

കർത്താവിൻെറ വേദപ്രമാണം കറ ഇല്ലാത്തതും, ആത്മാവിനെ തിരിക്കുന്നതും ആകുന്നു. കർത്താവിൻെറ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ളവരാക്കുന്നതും ആകുന്നു. കർത്താവിൻെറ പ്രമാണങ്ങൾ ചൊവ്വുള്ളവയും, ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിൻെറ കല്പന തിരഞ്ഞെടുക്കപ്പെട്ടതും, കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും, എന്നേക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിൻെറ ന്യായവിധികൾ സത്യമായിട്ടുള്ളവയും, സക

ലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തേക്കാളും നല്ല രത്നത്തെക്കാളും ആഗ്രഹിക്കത്തക്കവയും, തേനിനെക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയും ആകുന്നു.

അത്രയുമല്ല തന്റെ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ എന്നെ കുററമില്ലാത്തവനാക്കിത്തീർക്കണമേ.

ദുഷ്ടൻമാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായത്തിൽനിന്ന് നിന്റെ ദാസനെ തടയണമേ. എന്റെ സഹായക്കാരനും എന്റെ രക്ഷിതാവുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ നിന്റെ ഇഷ്ടപ്രകാരവും, എന്റെ ഹൃദയത്തിലെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കണമേ.

ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ-ശുബഹൊ.....

(ബ്രോദശ്റൊബ്മാർബഗ)

ഗഹ്വരഭവനാം-മന്നവനെ പാ-രസികൻമാർ വിദ്വാൻമാർ

ഉപഹാരങ്ങളൊടുദയത്തിൽ

നിജനിധി സഹിതം വന്ദിച്ചു

ദേവേശാ!-നാഥാ! നീ-ധ-ന്യൻ!

ഹന്തമഹാർക്കൻ-പരിമിതനായ് മി-ന്നും മുകിലിൽ

(വാണരുളി

ആദ്യാദാമ്മിൻ ജനകന്ന്

ബാലിക മാതാവായ്തീർന്നു; ദേവേശാ.....

എങ്ങനെ മകനേ-ഞാൻ നിന്നെപ-രിലാളിക്കും മാ-നിക്കും

എന്നിൽ മുതിർന്നോനെൻ തനയൻ

ഞാനേററോനെന്നേയേററു; ദേവേശാ...

വാനിൽനിന്നേ-യീറയരും ഗു-ഹയതിലജപാലൻമാ-രും

സഭയിൽ തിരുജനനത്താൽ വാ-

ഴ്വേറൊരു പരരും പൂജിപ്പൂ; ദേവേശാ.....

ബാറെക്മോർ-ശുബഹൊ......

മെനഓലം..........

ആദിമുതൽ താ-താങ്കത്തിൽ ചേ-ർന്നു രഹസ്യം

നിവസിച്ചോൻ

മറിയാമിൻ വിമലാങ്കത്തിൽ

ഇന്നു പരസ്യം ശോഭിച്ചു; ദേവേശാ....

കുറിയെ...

*ഏശായാ 42: 10-13; 45:8*

കർത്താവിന് ഒരു പുതിയ പാട്ടും, അവൻെറ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽ നിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും, ദ്വീപുകളും, അവയിൽ കുടിയിരിക്കുന്നവരുമേ! (കർത്താവിനു പാടുവിൻ)

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽസ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽനിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിന് മഹത്വം കൊടുക്കുകയും, അവൻെറ സ്തുതികളെ ദ്വീപുകളിൽ അറിയിക്കുകയും ചെയ്യട്ടെ.

കർത്താവ് പരാക്രമി എന്നപോലെ പുറപ്പെടും. അവൻ യോദ്ധാവ് എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്ത് പ്രബലപ്പെട്ട് തൻെറ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളേ! മേലിൽനിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു.

ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ-ശുബഹൊ...മെനഓലം...

(ശ്മായോനെ ശുബഹൊ)

പരിപൂർണ്ണം വാനിടമാരാൽ
സ്തുതിപാടുന്നാർക്കായ് വാനോർ
അവനുളവായ് കാലിക്കൂട്ടിൽ
ഉലകവനെ വന്ദിക്കുന്നു.

ആത്മജയാമംഗനയാലേ
ആദാമിന്നൊരു കടമേറി
രക്ഷകനെപ്പെറോൾ മറിയാം
ഇന്നാളാകടവും നീക്കി,

യൂദായിൽ മറവിലമർന്ന
മന്നനെ മോഷ്ടിച്ചാൾ താമാർ
അവൾ മോഹിച്ചൊരു ലാവണ്യം
വിജയശ്രീയിന്നാർജ്ജിച്ചു.

ബാറെക്മോർ-ശുബഹൊ-മെനഓലം.

ത്വരിതംപാഞ്ഞുദയം ചെയ്തി-
ട്ടൊളിയിരുളിൽ പാർക്കുന്നോരെ
മോദിപ്പാനാഹ്വാനം ചെ-
യ്തിക്ഷിതി പൂകിയ തേജസ്സിൽ. ആമ്മീൻ

## *113-ാം സങ്കീർത്തനം*

പ്രകാശത്തിൻെറ സ്രഷ്ടാവിനു സ്തുതി. കർത്താവിൻെറ ഭൃത്യൻമാരേ! സ്തുതി പാടുവിൻ. കർത്താവിൻെറ നാമത്തെ സ്തുതിപ്പിൻ.

കർത്താവിൻെറ നാമം ആദിമുതൽ എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാകുന്നു.

സൂര്യൻെറ ഉദയംമുതൽ അതിൻെറ അസ്തമനംവരെയും കർത്താവിൻെറ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കുംമേൽ ഉന്നതനും, തൻെറ മഹത്വം ആകാശങ്ങൾക്കു മീതേയും ആകുന്നു.

ഉയരത്തിൽ വസിക്കുകയും, ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോട് സദൃശൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു?

അവൻ എളിയവനെ ജനത്തിൻെറ പ്രഭുക്കൻമാരോടുകൂടെ ഇരുത്തേണ്ടതിനു കുപ്പയിൽനിന്ന് ഉയർത്തുന്നു. അവൻ മച്ചിയായയവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമേ സ്തുതിനിനക്കു............

(യൗമോനൊ സൊഹ് വനഹെസ്)

ഇന്നീറേദൂതഗണം വാനീന്നെത്തി-തൽജനനംകാൺമാൻ
മേളിച്ചൂ-ബേതലഹേം ഗുഹയിൽ
നരസുരസംസ്തുതി ഗീതങ്ങൾ
ഭൂജാ-തികളേ! -യവനെ സതതം വാഴ്ത്തിൻ.

മറിയാം തന്നാത്മജനാം ജീവാത്മജനെ-വച്ചാൾ
പുൽക്കൂട്ടിൽ
കരയുന്നൂ-ശിശുവിനു തുല്ല്യമവൻ
സുരവരസഞ്ചയമഞ്ചുന്നു, ഭൂജാതികളേ....

വാനീന്നാത്മജനെത്തിഗ്ഗാത്രം പൂണ്ടാൻ-ദാവീദാത്മ

ജയിൽ

ഇടയൻമാർ-കാഹളരവമേററി

ദൂതസമൂഹം കുമ്പിട്ടു, ഭൂജാതികളേ......

ബാറെക്മോർ-ശുബഹൊ-മെനങാലം.

ആർദ്രതയാൽ ഹിതമായ് പാഴ്ത്തുണിചുററിപ്പുൽ

തൊട്ടിയിൽ നിക്ഷിപ്താ

ഉടയോനേ!-കൃപയാലിപ്പോൾ നി-

ന്നാംഗ്യത്താൽ പിഴപോക്കണമേ, ഭൂജാതി.....

കുറിയേലായിസോൻ...

## *വി. മത്തായി 5: 3 മുതൽ 12 വരെ*

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു.

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാൻമാർ; എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാൻമാർ; എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാൻമാർ; എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാൻമാർ; എന്തുകൊണ്ടെന്നാൽ അവരുടെമേൽ കരുണയുണ്ടാകും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

സമാധാനം നടത്തുന്നവർ ഭാഗ്യവാൻമാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിൻെറ പുത്രൻമാരെന്നു വിളിക്കപ്പെടും.

നീതി നിമിത്തമായിട്ട് പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാൻമാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെ ആകുന്നു.

അവർ നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും, എന്റെ നിമിത്തം സകല ദുർവചനത്തേയും നിങ്ങളുടെ നേരെ വ്യാജമായിട്ട് പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ.

നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട് നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ.

ബാറെക്മോർ-ശുബഹൊ-മെനഓലം...

(ശുബഹോ ലൊക്മ്ശീഹൊ)

താരകപോറസ്സിലെ-വിജ്ഞരെയറിയിച്ചു
കാഴ്ചകളവരേന്തി-ത്തിരുമഹിമയ്ക്കരുളി
കുന്തിരുവും പൊന്നും മൂരും

ഉടയോനേ! നിന്നെ-രാജജ്യോത്സ്യൻമാർ
ഗർഹിതബേതലഹേം-ഗുഹയിൽ പ്രണമിച്ചു
നിൻ പ്രേഷകനായി സ്ത്രോത്രം.

ഗഗനത്തിൽ ശാന്തി-ക്ഷിതിതന്നിൽ ശാന്തി
പ്രീതിയടഞ്ഞുടയോൻ-ജനനാർത്ഥം വന്നാൻ
ആദമിനെപ്പരിരക്ഷിപ്പാൻ.

ബാറെക്മോർ...

ശുബഹൊ വീക്കാറൊ ഉസെഗ്ത്തൊ ഉറാബുസ് യോയൂസൊനെശ്ത്ത്വെദ്നാസെക്ക് ലാബോഉലബ്രൊവൽറൂഹോക്കാദീശൊ.

മെനഓലം...

ആദത്തിനുമെല്ലാ-ലോകത്തിനുമായി
ശാന്തിമഹാമോദം-സൽഗതിയിവയേന്തി
സംരക്ഷകവത്സൻ വന്നു.

സ്തൗമെൻകാലോസ്.....

## പ്രുമിയോൻ

നിത്യതയിൽ അദൃശ്യനായി തൻെറ പിതാവിൻെറ മടിയിൽ സ്ഥിതിചെയ്യുന്നവനും തൻെറയും പിതാവിൻെറയും ജീവനുള്ള വിശുദ്ധ റൂഹായുടെയും തിരുവിഷ്ടപ്രകാരം ഉദയംചെയ്ത് പ്രത്യക്ഷപ്പെടുവാൻ കൃപാപുരസ്സരം തിരുവുള്ളമുണ്ടായവനും ആയ അദൃശ്യശിശുവും, ലോകങ്ങളെക്കാൾ ഉന്നതനും സൃഷ്ടികളെക്കാൾ വലിയവനുമായിരിക്കെ തൻെറ സൃഷ്ടിയുടെ അടുക്കലേക്ക് വന്നവനും, തൻെറ ജനനിയുടെ മഹിതമായ മടിയിൽ കാണപ്പെട്ട അശരീരിയും ആത്മീയനും, ലോകങ്ങൾക്ക് അദൃശ്യനായിരിക്കെ മനുഷ്യസ്നേഹത്തോടെ ജനനത്തിനായി വന്നവനും തൻെറ പൂർണ്ണതയാൽ സകലത്തെയും ഐശ്വര്യസമ്പന്നമാക്കിയ പരിപൂർണ്ണനും ആയ കർത്താവിനു സ്തുതി. തനിക്ക് ഈ പ്രഭാത പ്രാർത്ഥനാസമയത്തും....

പുണ്യമാക്കുന്നവനും വെടിപ്പാക്കുന്നവനും........ഇത്യാദി

## സെദറാ

ദൈവത്തെപ്പോലെ നിത്യനായി ആരംഭമില്ലാത്തവനായിരിക്കെ ആരംഭമുള്ളവനായ മനുഷ്യനെപ്പോലെ അവസാനം കന്യകപ്രസവിച്ച ആദ്യന്തമില്ലാത്ത ശിശുവേ! നിനക്കു സ്തുതി, നിനക്ക് സ്ത്രോത്രം. പ്രകാശങ്ങളുടെ നാഥൻ സൂര്യനെപ്പോലെ യോഗ്യമായി ഉദരത്തിൽ നിന്നുദിച്ച് തൻെറ ശ്രേഷ്ഠമായ ഉദയത്താൽ സർവ്വസൃഷ്ടികളെയും പൂർണ്ണമായി പ്രകാശിപ്പിച്ചു. ഉദരങ്ങളിൽ ശിശുക്കളെ വളർത്തുന്നവൻ തിരുവിഷ്ടത്തോടെ ഉദരത്തിനുള്ളിൽ ശിശുവായിത്തീർന്നു. ലോകങ്ങൾക്കും സൃഷ്ടികൾക്കും മുമ്പേയുള്ളവനും ദാവീദിനെ സൃഷ്ടിച്ചവനുമായവൻ

കാലപൂർണ്ണതയിൽ ദാവീദുപുത്രിയിൽനിന്ന് പുതുതായി ജനിച്ചു. തലമുറകളെക്കാളും വംശങ്ങളെക്കാളും പൂർവ്വികൻ കാലാവസാനത്തിൽ ചെറിയ ശിശുവിനെപ്പോലെ കാണപ്പെട്ടു. ഭൂമിയിലേക്കു മഴയും മഞ്ഞും അയയ്ക്കുന്നവൻ മനുഷ്യനെപ്പോലെ മനുഷ്യപുത്രിയുടെ മുലകളിൽനിന്ന് പാലുകുടിച്ചു. തൻെറ ശക്തിയാൽ പർവ്വതങ്ങളെ സൃഷ്ടിക്കുന്നവൻ ദരിദ്രനെപ്പോലെ ഗുഹയിൽ കിടന്നു. തൻെറ ബലത്താൽ ആകാശമണ്ഡലത്തെ വഹിച്ചിരിക്കുന്നവനെ പെൺകുട്ടി അവളുടെ കൈകളിൽ ലഘുവായി വഹിച്ചു. ശ്രേഷ്ഠമായ പ്രകാശത്തിൽ ആവാസംചെയ്തിരിക്കുന്നവൻ എളിയവനെപ്പോലെ പഴന്തുണികളാൽ ആവരണം ചെയ്യപ്പെട്ടു. തൻെറ ശക്തിയാൽ ക്രൂബേൻമാരുടെ മേൽ ആരൂഢനായിരിക്കുന്നവൻ മറിയാമിൻെറ ഭുജങ്ങളാൽ ശാന്തമായി ആഘോഷിക്കപ്പെട്ടു. തനിക്ക് കാദീശ് പാടുവാനായി സ്രോപ്പേൻമാരെ ആവേശം കൊള്ളിക്കുന്നവൻ ദാവീദ്പുത്രിയാൽ ആനന്ദപൂർവ്വം താലോലിക്കപ്പെട്ടു. തൻെറ ആംഗ്യത്താൽ സൃഷ്ടികളെ പായിക്കുന്നവൻ ബേതലഹേമിൽ ശിശുവിനെപ്പോലെ ശാന്തമായി നീന്തിനടന്നു. ആകയാൽ ഞങ്ങളുടെ രക്ഷയെപ്രതി നീ പ്രവർത്തിച്ച അത്ഭുതത്തെ വിസ്മയപൂർവ്വം പരിശോധിക്കുകയും ഞങ്ങൾക്കുവേണ്ടിയുള്ള നിൻെറ വ്യാപാരത്തെ അതിശയപൂർവ്വം നിരീക്ഷിക്കുകയും ചെയ്തുകൊണ്ട് അത്ഭുതഭരിതരായി ഞങ്ങളെല്ലാവരും കൂടി ഒരുമിച്ച് പറയുന്നു: ദൈവസ്വഭാവത്തിൽ നിന്ന് വ്യത്യാസം വരാതെ നീ മനുഷ്യനായിത്തീർന്നതിനാൽ ദൈവമേ! നീ അത്ഭുതമാകുന്നു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ജഡപ്രകാരം തൻെറ ശ്രേഷ്ഠതയാൽ കാണപ്പെട്ടതിനാൽ നീ അത്ഭുതമാകുന്നു. ആകാശ

ും ഭൂമിയും നിന്നാൽ പൂർണ്ണമായി നിറഞ്ഞിരിക്കെ ുഹയിൽ കിടന്നതിനാൽ നീ അത്ഭുതമാകുന്നു. നീ യങ്കരമായ നിലയിൽ അതിർത്തിയില്ലാത്തവനായിരിക്കെ ന്യകയുടെ മടിയിൽ സംക്ഷേപിക്കപ്പെട്ടതിനാൽ നീ രത്ഭുതവും നിൻെറ നിത്യത അതിർത്തിയില്ലാത്തതു ാകുന്നു. ശ്രേഷ്ഠനായ അദൃശ്യനും അവർണ്ണ്യനുമായ ദൈവമായിരിക്കെ മനുഷ്യനായിത്തീർന്നതിനാൽ നീ ്രത്ഭുതമാകുന്നു. മാലാഖമാരെയും ഇടയൻമാരെയും ഗൂശൻമാരെയും ആകർഷിക്കുകയും അവർ ഉചിതമായി ിൻെറ ബഹുമാന്യതയെ ആരാധിക്കുവാൻ വരുകയും ചയ്തതിനാൽ നീ അത്ഭുതമാകുന്നു. നിൻെറ ജനന ത്താൽ മേലുള്ളവരുടെയും താഴെയുള്ളവരുടെയും ിടയിൽ യോഗ്യമായി നിരപ്പും സമാധാനവും വിതച്ച ിനാൽ നീ അത്ഭുതമാകുന്നു. നിൻെറ ജൻമദിനത്തിൽ ്വർഗ്ഗീയരെയും ഭൌമികരെയും സന്തോഷിപ്പിക്കുകയും ദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന വേലി ശക്തിയോടെ പാളിച്ചു കളയുകയും ചെയ്തതിനാൽ നീ അത്ഭുത ാകുന്നു. നിൻെറ ആംഗ്യം എല്ലാഭാഗങ്ങളെയും രതിർത്തികളെയും വഹിച്ചിരിക്കെ പെൺകുട്ടി നിന്നെ ്വഹിച്ചതിനാൽ നീ അത്ഭുതമാകുന്നു, ലോകങ്ങളെ ത്സാഹപൂർവ്വം പോററുന്നവനായിരിക്കെ സ്തനങ്ങളിൽ ിന്ന് പാലുകുടിച്ചതിനാൽ നീ അത്ഭുതമാകുന്നു. നിൻെറ ജനനത്താൽ സകലസ്വർഗ്ഗീയരും ഭൌമികരും അതി ായിക്കുകയും നിനക്ക് പൂർണ്ണമായ സ്തുതി നൽകുകയും ചെയ്ത

തിനാൽ നീ അത്ഭുതമാകുന്നു. നിന്റെ ജനനദിവസത്തിൽ മേലുള്ളവരെയും താഴെയുള്ളവരെയും നീ സംയോജിപ്പിക്കുകയും അവരൊന്നാകെ നിന്റെ ശ്രേഷ്ഠതയ്ക്കു സ്തുതിപാഠകൻമാരായി ഭവിക്കുകയും ചെയ്തതിനാൽ നീ അത്ഭുതമാകുന്നു. ഉയരത്തിൽ അഗ്നിരഥം നിന്റെ ബഹുമാന്യതയെ വഹിക്കുകയും നിന്റെ ആംഗ്യം കർത്തവ്യത്തോടെ സൃഷ്ടികളെ വഹിക്കുകയും ചെയ്തവെ കന്യക നിന്നെ വഹിച്ചതിനാൽ നീ അത്ഭുതമാകുന്നു. അഗ്നിമയൻമാർ നിന്റെ തേജസ്സിൽ ചുളുങ്ങിപ്പോകവെ മ്ഗൂശെൻമാരും ഇടയൻമാരും മനുഷ്യനെപ്പോലെ നിന്നെ സ്പഷ്ടമായി കണ്ടതിനാൽ നീ അത്ഭുതമാകുന്നു. നിന്റെ ജനനദിവസത്തിൽ ആദാമ്യ വർഗ്ഗത്തിന് വിവിധനിലകളിൽ നല്ല പ്രത്യാശയുണ്ടായതിനാൽ നീ അത്ഭുതമാകുന്നു. ദൈവത്തെപ്പോലെ സ്ഫടികസിംഹാനത്തിൻമേൽ ആഘോഷിക്കപ്പെടുന്നവനായിരിക്കെ ശിശുവിനെപ്പോലെ സ്നേഹപൂർവ്വം കാൽമുട്ടുകളിൽ വളർത്തപ്പെട്ടതിനാൽ നീ അത്ഭുതമാകുന്നു. അഹങ്കാരികളായ പിശാചുക്കളുടെ അടിമത്വത്തിൽ നിന്ന് നിന്റെ പ്രതിരൂപത്തെ നിന്റെ ജനനംമൂലം രക്ഷിച്ചതിനാൽ നീ അത്ഭുതമാകുന്നു. തിരുവിഷ്ടപ്രകാരമുള്ള നിന്റെ മനുഷ്യാവതാരത്തിന്റെ ദിവസത്തിൽ സൃഷ്ടിയിൽ നിന്റെ പ്രകാശം ഉദിപ്പിക്കുകയും സകല ദിക്കുകളിൽ നിന്നും അന്ധകാരത്തെ ദൂരീകരിക്കുകയും ചെയ്തതിനാൽ നീ അത്ഭുതമാകുന്നു. വിശുദ്ധമായ നിന്റെ ജനനദിവസത്തിൽ ദൂരസ്ഥരെ നീ വിളിക്കുകയും അവർ

ശമീപസ്ഥരോടുകൂടി സമ്മേളിക്കുവാൻ ഇടയാവുകയും ചെയ്തതിനാൽ നീ അത്ഭുതമാകുന്നു. നിൻെറ ജഡധാരണത്താൽ പിതാവിനെ സൃഷ്ടികളുമായി രമ്യപ്പെടുത്തുകയും ഭൂതലത്തിൽ ധാരാളമായി നിരപ്പും സമാധാനവും ഭിതയ്ക്കുകയും ചെയ്തതിനാൽ നീ അത്ഭുതമാകുന്നു. നിൻെറ ജനനദിവസത്തിൽ സ്വർഗ്ഗീയൻമാർ കാഹളമൂതി ദാവീദിൻെറ പട്ടണത്തിൽ മശിഹാകർത്താവെന്ന രക്ഷകൻ ഇന്ന് നിങ്ങൾക്കുവേണ്ടി സത്യമായി ജനിച്ചിരിക്കുന്നു എന്ന് ഇടയൻമാരോട് പ്രസംഗിച്ചതിനാൽ നീ അത്ഭുതമാകുന്നു. നിൻെറ ജനനത്തിൽ അഗ്നിമയൻമാർ നിനക്ക് സ്തുതിയും ഭൂമിക്കു സമാധാനവും മനുഷ്യർക്ക് നല്ല ശരണവും വിസ്മയനീയമായി കാഹളമൂതിയറിയിച്ചതിനാൽ നീ അത്ഭുതമാകുന്നു. നീ അത്ഭുതമാകുന്നു; ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നിൻെറ മനുഷ്യാവതാര വൃത്താന്തം തികച്ചും അവർണ്ണനീയമാകുന്നു; ആകയാൽ വിസ്മയനീയ ശിശുവേ! കന്യകമറിയാമിൽ നിന്നുള്ള നിൻെറ വിശുദ്ധവും മഹനീയവുമായ ഈ ജനനദിവസത്തിൽ തിരുസന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്ന ഈ സുഗന്ധധൂപം മൂലം ഞങ്ങൾ പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു. ഞങ്ങൾക്കുവേണ്ടിയുള്ള നിൻെറ അതിശയകരമായ ജഡധാരണത്തെക്കുറിച്ച് യഥാർത്ഥമായ ജ്ഞാനവും ഞങ്ങളുടെ രക്ഷയെപ്രതി താൽപര്യത്തോടു കൂടിയുള്ള നിൻെറ മനുഷ്യാവതാരത്തെക്കുറിച്ച് സത്യമായ വിശ്വാസവും ഞങ്ങൾക്ക്

നൽകണമേ.. ഞങ്ങളെല്ലാവർക്കും പൂർണ്ണമായി കടങ്ങളുടെ മോചനവും പാപപരിഹാരവും ഞങ്ങളുടെ ആത്മ ശരീരങ്ങളുടെ ദുഃഖകാരണങ്ങളിൽ നിന്ന് പൂർണ്ണമായ വിടുതലും നൽകണമേ. കർത്താവേ! നീ പാപികളെ നിർമ്മലീകരിച്ച് പാപപരിഹാരം നൽകുന്നവനും അനുതാപികളെ പൂർണ്ണമായി വിശുദ്ധീകരിക്കുന്നവനും സഭയുടെ സർവ്വ പ്രജകൾക്കും നിത്യസഹായിയും തുണയും ആയിരിക്കണമേ. നിന്റെ ശരണത്തിൽ പ്രത്യാശയോടുകൂടി മുൻകൂട്ടി നിദ്രപ്രാപിച്ച വിശ്വാസികളായ ഞങ്ങളുടെ മാതാപിതാക്കൾക്കും സഹോദരീസഹോദരൻമാർക്കും ഗുരുക്കൻമാർക്കും സകലപരേതർക്കും നല്ല ഓർമ്മ നൽകണമേ. ഞങ്ങളെയും അവരെയും നിന്റെ വലത്തുഭാഗത്ത് സന്തോഷപൂർവ്വം നിൽക്കുന്നതിനും നിന്റെ രാജ്യത്തിലെ വിവിധാനന്ദങ്ങൾ അനുഭവിക്കുന്നതിനും യോഗ്യരാക്കിത്തീർക്കണമേ. ഞങ്ങളും അവരും ഒരുമിച്ച് നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും കരേററുന്നു. ഹോശോ.........

മെൻദലോഹോ........

(ബ്കുൽമേദെം)

സുവിശേഷത്തിൻ ദിവസമിതിൽ

സന്തോഷത്തിൻ ദിവസമിതിൽ

രക്ഷകനേ മറിയാം പെററാളെന്നേ-വം

താരകയോതിയഭിജ്ഞൻമാർ വന്നൂ-വന്ദി-പ്പാൻ

ദൂതരുമജപാലൻമാരും വന്ദനമർപ്പി-ച്ചു

ഭ്രോപ്പേൻമാർ കാദീശാർത്തു
ക്രൂബേൻമാർ വാഴ്ത്തിപ്പാടി
കീറത്തുണിയാലാവൃതനാം
പടുവൃദ്ധനു മറിയാം സ്തന്യം
ഏകുന്നൂ യൌസേപ്പോതുന്നൂ സ്തോ-ത്രം.

ബാറെക്മോർ-ശുബഹൊ-

വത്സലരേ! മഹദാശ്ചര്യം
വചനം ദൈവം മറിയാമി-
ന്നുദരത്തിൽമേവിത്തനുവെങ്ങനെ പൂ-ണ്ടാൻ
ശ്രുതിവഴിയാത്മാവായ് പൂക്കാൻ
വാതിൽ തുറക്കാ-തെ
ഉദരത്തിൽ സൃഷ്ടിച്ചോരുതൻ
മെയ്യൊടു വെളിവാ-യാൻ
അവളിൽ ഹിതമാർന്നുളവായാൻ
കന്യാമുദ്രയ്ക്കഴിവെന്യേ
ഈയുൽപാദനമാശ്ചര്യം!
ഈ ജൻമവുമത്യാശ്ചര്യം!
നരവടിവാർന്നെങ്ങളെ രക്ഷിച്ചോൻ ധ-ന്യൻ.

മെനഓലം......

ആദാമ്യർക്കുത്ഥാനത്തിൻ
വാക്കരുളിയ മശിഹാനാഥൻ
വിശ്വാസികളൊടു തൻ ദൂതിൽ ചൊന്നേ-വം
എൻമെയ് ഭക്ഷിച്ചെൻരക്തം പാനം ചെയ്വോ-നിൽ
ഞാൻ വാണിടുമവനെന്നുള്ളിൽ വാണിടുമെന്നേ-ക്കും
നാഥാ! നീ മഹിമാവൊടു നിൻ
ദൂതൻമാരൊത്തണയുമ്പോൾ
നിൻ ശരണത്തിൽ നിദ്രിതരാം
ദാസർക്കമ്പോടുയിരേകി
സന്തോഷം നിറയും പന്തിയിലേറേ-ണം.

മൊറിയൊ...

## എത്രോ

കന്യകമറിയാമെന്ന വരണ്ടഭൂമിയിൽ നിന്ന് വിതയോ നനയ്ക്കലോ കൂടാതെ കിളിർത്തുവന്ന അനുഗൃഹീത ഫലവും തലമുറകളുടെ സഹായത്തിനായി ബേതലഹേം ഓർപ്പർത്തായിൽ മൃഗങ്ങളുടെ പുൽത്തൊട്ടിയിൽ കിടന്നവനും ആത്മീയമായ തൻെറ പരിമളത്താൽ ദൂരസ്ഥരെയും സമീപസ്ഥരെയും സകലഭാഗങ്ങളെയും ആനന്ദിപ്പിച്ചവനും ആയ കർത്താവേ! ഇപ്പോൾ ഞങ്ങളുടെ ആത്മാക്കളാകുന്ന ആന്തരീയ ബേതലഹേമിൽ നീ നിന്നെത്തന്നെ സ്ഥാപിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളാകുന്ന ദേവാലയങ്ങളിലെ ആന്തരീയ ധൂപങ്ങളാൽ തിരുമേനി ധൂപിക്കപ്പെടുമാറാകണമേ. നിൻെറ സ്നേഹമാകുന്ന പരിമള വാസനയാൽ ഞങ്ങളുടെ സകല അന്തരിന്ദ്രിയങ്ങളെയും ആനന്ദിപ്പിക്കണമേ. ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്നെയും നിൻെറ പിതാവിനെയും പരിശുദ്ധ റൂഹായേയും സന്തോഷത്തോടും ആനന്ദത്തോടും കൂടെ സ്തുതിക്കുകയും ആഹ്ളാദത്തോടെ നിനക്ക് പെരുന്നാൾ ആചരിക്കുകയും പുകഴ്ചകളോടുകൂടെ നിനക്ക് ആഘോഷം നടത്തുകയും ചെയ്യുമാറാകണമേ.

മോറാൻവാലോഹാൻ...........

(ലോക്മൊറിയൊ)

വാനീന്നും മാലാഖാമാർ വന്നറിയിച്ചു
ഭൂപതിജാതം ചെയ്തെന്നിടയരെ ബേ-തലഹേമിൽ
ആ നിർമ്മലരാടുകളെകൊണ്ടിഹ വന്നു
രക്ഷയ്ക്കെത്തിയ ദൈവത്തിൻ കുഞ്ഞാടിൻപേർക്കായ്

സ്തുതിമെയ്യോ-ടവർ കണ്ടതുമൂലം
സ്തുതിമനുജൻ-തൻ ജനിയാർന്നോനേ!
സ്തുതിജൻമത്താലപഥത്തീന്നും ര-ക്ഷിച്ചോനേ
ബാറെക്മോർ-ശുബഹൊ........
നിബിയൻമാരീശോദേവാ! വിമലാത്മാവാൽ
നിൻമർമ്മങ്ങളെ മുൻചൊന്നാഗമനം-ഘോഷിച്ചു
ഏശായാ നിൻ ഗർഭത്തെപ്പിറവിയെ ദാവീ-
ദുദയത്തെ സ്ക്കറിയാ, മീഖാ നിൻ പ്രാ-ബല്യത്തെ
ഹസ്ക്കീയേൽ-നിൻ തേരിൻ പ്രഭയെ
ദാനീയേൽ-മാന്യാസനമതിനെ
ജനനത്തിനു വന്നിക്ഷിതിയെ രക്ഷി-ച്ചോൻ ധന്യൻ.
മെനഓലം............
പാവനതനു ഭക്ഷിച്ചോരായ് ജീവനരക്തം
പാനംചെയ്ത പരേതജനങ്ങൾ തൻ-ദേഹിയിലും
ആത്മത്തിലുമക്ഷയലോകത്താപ്പാപത്തിൻ
ഇരുൾ വാഴായ്‌വാൻ മശിഹായൊടു നാമർത്ഥിക്കേണം
അവരുടെ യാ-ത്മാക്കളെയേറ്റോനേ!
നാഥാ! നിൻ-പീഡയെ സാക്ഷിച്ചാർ
ആഹ്വാനം ചെയ്തങ്ങവരേവലമായ്-നിർത്തണമേ.
(പെത്ഗോമൊ)
ഹാലേ-ഉഹാലേ-നാഥൻ ചൊന്നെന്നോടെൻ തനയൻ
നീ-ഇന്നാൾ നിന്നെയുൽപാദിപ്പിച്ചേൻ-ഹാലേ...

## *ഏവൻഗേലിയോൻ*

ലൂക്കോസ് 2: 15-20
(കുക്കിലിയോൻ)
നിന്നാൾ സ്തുതിയൊടു രാജമകൾ....
നയവാൻ പനപോലെ തളിർ...
മക്കളിലപ്പൻ കൃപ ചെയ്‌വതു....
സ്തുതി ദൈവത്തിന്നുയരത്തിൽ.....

താതൻ ശ്ലോമൊ ഗബ്രീയേൽ...
ശ്ലോമോ തൻ നിബിയൻമാർക്കും....
നാം ദൈവസുതൻമാരാവാ...

മൊറിയോ.....

(മാർ യാക്കോബിന്റെ ബോവൂസൊ)

പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിടയൻമാർ ബേതലഹേമിൽ പാടിയപോലെ.

ഇന്നാൾ വംശത്തലയാമാദാം മോദിക്കട്ടെ
നിൻജൻമത്താൽ ദൈവത്വം യാചനപോലേറാൻ

ദുഃഖം നീക്കും പൈതലിനെപ്പോററീടുകയാലെ
ഇന്നാൾ ഹവ്വായാദത്തെക്കാൾ സ്തുതിപാടട്ടെ.

നീണാൾ ബിംബത്തെക്കൂപ്പിയ വാർദ്ധക്യംപേറും
ലോകത്തിൻ ദണ്ഡാകേണ്ടും കൊമ്പിന്നാളുണ്ടായ്

വീഞ്ഞാൽ തപ്തക്ഷോണിയെ സേചിച്ചീടാനിന്നാൾ
ഈശായ് ഗേഹത്തീന്നുണ്ടായി മുന്തിരിവള്ളി

പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിടയൻമാർ ബേതലഹേമിൽ പാടിയപോലെ.

ശുദ്ധൻ നീ! ദൂലോഹൊ........
ശുദ്ധൻ നീ! ബലവാനെ.......
ക്രൂശേറോനേ മൃതിഹീനാ!.......(മൂന്നുപ്രാവശ്യം)

നാഥാ! കൃപ ചെയ്തിടണമെ
നാഥാ! കനിവാൽ കൃപ ചെയ്ക
നാഥാ! കർമ്മാർത്ഥനകളെയേററിട്ടവയാൽ.....

സ്തോത്രം തേ ദേവേശാ!
സ്തോത്രം തേ സ്രഷ്ടാവേ!
സ്തോത്രം പാപികളടിയാരിൽ...........

ബാറെക്മോർ

സ്വർഗ്ഗസ്ഥനായ......
കൃപ നിറഞ്ഞ മറിയമേ!.......

# മൂന്നാംമണി

## കൗമാ

(സോദെക്ക്ദ്നെഹവെ)

കന്യകമറിയാമിന്നാൾ
പെററാളുണ്ണിയെ മകുടങ്ങളെ മുടയുന്നോ-നെ
സീയോനിതുകേട്ടപ്പോൾ
അവനെക്കണ്ടീടും മുമ്പേകമ്പം പൂ-ണ്ടു
നിബിമൊഴിവായി-ച്ചേറോദേസോടായ്
ബേതലഹേമിൽ-നൃപതി ജനിച്ചെന്നാൾ
കൊല്ലിച്ചാനാൾവിട്ടാ
ബേതലഹേം ശിശുവൃന്ദത്തെ വീഴ്ചയിലായ്-തൻവാഴ്ച
വാണാനീശോ-യെന്നെന്നും
വരുവിൻ സ്തുതി പാടീടാൻ
നിജജനനത്തിൻ ദിവസത്തിൽ ഹാലേലുയ്യാ-ഉഹാ-
ബാറെക്മോർ-ശുബഹൊ-മെനഗാലം.....
വാനിയലട്ടാനന്ദം
വാരിധിയും ധരയും നരരും സ്തുതിപാടട്ടെ
ഉലകിതിലിന്നുളവായി
നൻമയുമാമോദവുമോലും ശുഭകാര്യങ്ങൾ
കന്യകപെററു-തന്നിൽ മുതിർന്നോനെ
അമ്മണിയുണ്ണി-ജനകനു സമനല്ലോ
പിഞ്ചുകിടാവെന്നോണം.
പുൽക്കൂട്ടിൽ പാൽ നുകരുന്നു മാലാഖാമാർ-ചൂളുന്നു
ഇടയൻമാരും ശാസ്ത്രികളും
കാണിക്കകളർപ്പിച്ചു
രാജാധീശർക്കെന്നവിധംഹാലേലുയ്യാ ഉഹാലേലുയ്യാ
മൊറിയൊ....

(മാർ അപ്രേമിൻെറ ബോവൂസൊ)

ജൻമത്താൽ നാഥാ വിടുതൽ നൽകിയ നന്ദനനേ! കനിക
ജൻമത്താൽ രക്ഷിച്ചോനേ! ചെയ്യുക കാരുണ്യം മശിഹാ.

ഈ പരിപാവനമാം നാളിൽ മോദിപ്പൂ പാരും വാനും
ഭാഗ്യമെഴും മറിയാമീന്നും രക്ഷകനിന്നുദയം ചെയ്തു.

തൻ മുൻചൊൽ നിറവേറുകയാൽ മോദിക്കെട്ടിന്നാൾ മീഖാ
തൻ മുൻചൊൽ നിറവേറുകയാൽ മോദിക്കെട്ടിന്നേറമിയാ.

ആയുഷ്മാനായ് ദർശിച്ചോൻ അർഭകനായ് ജനിയാർന്ന
-തിനാൽ

ഇന്നാളിൽ ദാനീയേലും വന്നെത്തി സ്തുതിപാടട്ടെ.

ജൻമത്താൽ നാഥാ! വിടുതൽ നൽകിയ നന്ദനനേ! കനിക
ജൻമത്താൽ രക്ഷിച്ചോനേ! ചെയ്യുക കാരുണ്യം മശിഹാ.

(കൗമാ)

## മദ്ധ്യാഹ്നം

(കൗമാ)

(തുറൊദ്സീനായ്)

സീനായ് ഗിരിനിൻ-സവിധേ വിറപൂണ്ടു
നാഥാ! ദേവേശാ! ഗിരിവാരിധി ധരനാം നിന്നെ
കന്യകയാം മറിയാമേന്തി
വേഴ്ചപെടാതവൾ ഗർഭിണിയായ്
വചനാതീതം പ്രസവിച്ചു
തൽസ്മൃതിയെ-വിശ്രുതമാക്കണമേ.

ബാറെക്മോർ-ശുബഹൊ...

ഉന്നതരാജ്യമതും-ശാശ്വത ജീവിതവും
നിർമ്മലരാർജ്ജിക്കും-സത്തമ മശിഹാഭക്തൻമാ-
രർഹിക്കുന്ന മഹാഭാഗ്യം
ജഡനേത്രം ദർശിക്കുകയൊ
ശ്രവണം കേൾക്കുകയോ ഹൃദയം
തേറുകയൊ ചെയ്തിട്ടില്ലേതും

മെനഓലം.........

മിശിഹായുടെ റുശ്മ-മാമോദീസായാൽ
സമ്പ്രാപിച്ചോരായ്-തൃപ്പാവനതനു ഭക്ഷിച്ച്.
പുണ്യനിണം പാനം ചെയ്തോർ
പൂഴിയിൽ നിന്നും താൻമൂലം
പ്രാണനൊടേറി ധൂളികുട-
ഞ്ഞതിതേജോ-വസ്ത്രം ചാർത്തീടും.

മൊറിയൊ...

(മാർ ബാലായിയുടെ ബോവൂസൊ)

ജനനീ പരിശുദ്ധാ-പ്രാർത്ഥനയാൽ നാഥാ!
പുണ്യം ഞങ്ങൾക്കും-വിഗതർക്കും നൽക.

മറിയാമിൻ സ്മരണം-വരദായകമാക
തൽപ്രാർത്ഥന ഞങ്ങൾ-ക്കാത്മാവിനു കോട്ട.

പരിശുദ്ധ ശ്ലീഹാ-നിബിസഹദേൻമാരേ!
യാചിപ്പിൻ കൃപയെ-ഞങ്ങൾക്കായ് നിങ്ങൾ

നിൻശരണേ മൃതരാം താതസഹോദരരിൽ
ചൊരിയണമേമോദ-പ്പനിനീരെൻ നാഥാ!

സുസ്മൃതി ജനനിക്കും-വിശ്രുതി സിദ്ധർക്കും
ജീവൻ വിഗതർക്കും-ചേർപ്പോനേ സ്തോത്രം

ജനനീ പരിശുദ്ധ-പ്രാർത്ഥനയാൽ നാഥാ!
പുണ്യം ഞങ്ങൾക്കും-വിഗതർക്കും നൽക.

പഴയ നിയമവായന

തുടർന്ന് വി.കുർബ്ബാന